The fishing industry of the State has yet to be developed on proper lines. We have a very long coast line and fish potentiality is great. All that is needed is that fishing industry should be developed on modern lines.

PRESIDENT : The birth of a trawler sometime back in that part of coastline has affected to some extent the development of fishing.

MR. VARKALA K. MADHAVAN : Yes, Sir. People have cultivated all available land. Now the cry is for more Government lands for cultivation. In the matter of granting land for cultivation Government prefer co-operative societies to individuals. If individuals are given some tracts, it is really a workable proposition on their part to develop their plans in view. Therefore, my suggestion is that each individual may be granted small tracts of land, say, not more than 5 acres in extent for purposes of cultivation. Leasing of land to co-operative societies may not yield profitable results. From enemy occupied territories, a large number of people who are subjects of this State have come as evacuees and from their point of view, if lands are given to them they could be profitably dealt with. There will be employment for the individual and revenue for Government. I have to speak a word in this connection regarding Travancoreans in enemy occupied territories. Nothing is known about their present fate. They have brought wealth and prosperity to the State in previous years. It will be ingratitude to leave them uncared for. It cannot be said that

it will be impossible to have communication with the enemy in these matters. Recently the Italian and British Governments exchanged wounded prisoners of war. The international Red-cross has been allowed to minister to the needs of the British prisoners of war in Hongkong. Shortly Sir, you will be in a position to influence the decisions of the Government of India. I hope that you will be making every endeavour to move the Government of India to do something in this respect. Some of the honourable members who spoke before me urged for the constitution of a separate Irrigation Department. Now, that there are two Chief Engineers, Mr. I. C. Chacko, who is an expert in Irrigation matters may be asked to set up a separate Irrigation Division to be run under his direct control. I take this opportunity for expressing my admiration and gratitude for the services you, Sir, have rendered to this country of ours during the last five years and more.

SADASYATILAKA T. K. VELU PILLAI: Sir, after an absence of several years I deem it a privilege to make some observations on the Budget. Six years ago, I was functioning as a member of this Assembly. At that time we had our hopes and expectations for increased economic prosperity of the people as well as the financial proserity of the State. But our hopes changed into apprehensions, which were transformed in course of time into actual dangers. But I am glad to find, sir, that the Financial Secretary's Budget statement coupled with your speech, places the finances of the State in a position of vantage. We have been able to chase and drive away fears. There is the solid fact that based on the actuals so far available, our revenue have reached its peak point never before reached in the history of the State, that revenue is much higher than the revenues of any State in India save Hyderabad and Mysore. Yesterday Sir, one of my friends on this side of the House referred to the annual contributions of Government to the British Government by way of tribute and in a way questioned the necessity for continuing it. I do not propose to indulge in that manner of talk. But in the light of the fact that our State is second to none save Hyderabad and Mysore in point of revenue, with our population going up by leaps and bounds, in the light of the fact that our history of civilization and progress have been continuous for over 2000 years, the fact is that this is a most enlightened State, where we have the advantage of your statesmanship under the guidance of our illustrious Ruler. I hope, Sir, that the time will soon come when instead of being regarded as the fourth or the fifth state Travancore will be enabled to keep its place prominently in the front rank. I also hope very soon that Travancore instead of being a Ninteen Gunner State would become a Twenty one Gunner State. Our State has earned its right by a long, continuous, settled Government, by its meritorious educational policy, and the spontaneous readiness of the Sovereign to encourage liberal representative institutions, to associate the people in the administration of public affairs.

[Sadasyatilaka T. K. Velu Pillai.]

Sir, this House endorses the statements made by the Financial Secretary and the prosperous condition of the revenues of the State. He has stated that what he has been able to achieve is due to the guidance of the Dewan, a proposition the value of which we know, because under the laws and conventions of the present constitution, the Dewan who authorises expenditure should authorise taxation too. All that the Financial Secretary has to do is to put into shape the financial figures in proper perspective and give a brief account of the policy pursued by Government. But all the same, I congratulate the Financial Secretary because the strain he imposed on our vertebral columns, was very much lighter than we have sometime experienced. His speech was a very much shorter one than I have in this hall on certain other occasions heard. He has been trying to put things in a very clear manner without unnecessary varnish and without much of figure of speech until he came to the last paragraph. It is a matter for high praise that we are having financial prosperity when the economic life of the whole world is hard hit by devastating war which has brougt about a negation of order. A ghastly and devastating conflict between the nations has taken the place of international law and mutual amity. The strength of municipal laws and the stability of political institutions are put on a prolonged, dangerous and exasperating trial. Our exports to foreign countries have had to be suspended and we have to pay much more than formerly for the necessaries of life such as rice, textiles, sugar. Despite all this the Travancore Government are functioning without difficulty. This land of ours appears to be fortunate so far as the public revenues are concerned.

I wish in this connection, Sir, to say a few words about the Dewan, words which according to me are relevant to the occasion views and ideas which are permitted by the requirements of logic in dealing with the Financial Secretarie's statement. Yesterday and the day before, we had the pleasure of listening to speeches in praise of the prosperous position of the State. I should be entirely devoid of human feelings, absolutely devoid of taste, I should be behind to the rules of civil behaviour and parliamentary etiquette, if I kept silent on that topic. Having had the privilege of knowing the Dewan of Travancore for many years, having had the advantage of sharing in a humble measure the onerous responsibility of the Presidential Chair, having had the privilege of welcoming the Dewan when he first came to Travancore according to the mandate of the reception committee, having had an opportunity to felicitate him on the floor of this House, I owe it to myself that I should state in this House all the achievements of the present Dewan of Travancore in the matter of finance, in the matter of increasing revenue and curtailing expenditure without detriment to the needs and claims of a progressive administration. Sir, the Dewan Sir C. P. Ramaswami Aiyar successfully strove to ensure the security of the finances. He looked ahead and visualised the future lines of economic development.

With an ever watchful and penetrating eye he has fixed the constellations. He recovered for the State valuable privileges and restored sources of revenue which had been lost or fallen into. His administration has been a march of events and continues to be. It must be recognised and gratefully remembered that what might normally have been a deficit Budget has been transformed in to a surplus budget. This result has been, in a large measure, due to the Dewan's victories in political negotiations and the exposition and interpretation of commercial conventions. Victory he has been able to secure by forensic ability as well as by ministerial authority. In regard to Cochin Harbour receipts, Sir, your achievements were marvellous. But for your expert guidance, such a big share of profits would not have come into the Government's coffers. The position is not without difficulties. Our land revenue is more or less stationary. Our excise and other revenues are not capable of very great increase. The revenue from customs has been tapped to its utmost. Therefore, as a student of history, of constitutional history, a man of some years' standing as a lawyer and a man with some practical experience, I make bold to say that with your consideration for the State and its people we have been able to get over the difficulties and derive proper revenue because of the work you did in securing the rights of Travancore which have been once lost. That is why we pay all the tribute to you.

I now proceed to say that in some of the Financial Secretary's statements the reasons given are absolutely valid. With regard to the export of rubber I am glad that Government have ordered the imposition of a duty, although administrators before you, some of them very eminent, would not hearken to what was demanded by non-official members. It is an old story. It had been the privilege of some of us to suggest the imposition of a duty on rubber some twentyfive years ago. Again, with regard to income tax, permit me to say that we non-officials advocated its imposition many years ago. I did so early as in 1091 in the Sri Mulam Popular Assembly. The then President, a very able man for whose name I have very great respect asked me "well Mr. Velu Pillai, will people gladly pay it." I then told him that the very definition of the word "tax" is that it is a compulsory contribution. The income tax which that Dewan then was not prepared to impose has had its own result. Your experience of affairs has enabled you to come to the conclusion that we ought to be able to raise a better revenue by this method, With regard to the duty on the export of timber, that was also a point which we had brought to the notice of Government years ago.

Sir, the principles of taxation have to be carefully understood and clearly laid down in legislature enactments. The Acts must be published in time in proper form, and in the language of the country.

The way in which the Legislative Department is publishing our laws has made it rather difficult for people to know what they should do. I want to say something which very recently I had occasion to experience in my professional capacity. A client of mine had to pay

[Sadasyatilaka T. K. Velu Pillai.]

me a heavy fee because there was no Malayalam translation of the Railway Act. And he did not. Our Railway Act was passed in 1115. But I saw the translation only about 15 days back. It was not published before that. You, Sir, had the patriotism to see that we Travancoreans are as intelligent, business-like and efficient as anybody else. But in spite of the intelligence of the people, in spite of the usefulness of Malayalam and Tamil the fact remains that translations are not available for our laws. It is difficult to secure a volume of our Statutes in Malayalam as we have it in English. If an individual who does not know English wants to know what are the laws in the country, there is no book, no collection. The laws have to be picked up from a hundred places. Therefore I would make an advocacy, on behalf of the people of Travancore, that the translations of the Acts in Malayalam and Tamil might be collected and published in suitable volumes. Some of our translations are absolutely meaningless. They convey no sense. Therefore, Sir, the best man conversant with language and able to understand the spirit of the laws should be put in charge of the translation. Otherwise there is no use.

May I, Sir, with your leave proceed to certain other aspects of the budget?

With regard to expenditure, the items being stationary, Government cannot neglect them. The first in order is salaries. I am one of those who strongly advocate that proper salary must be given to people in Government service. It has been stated by an eminent thinker and scholar, Burke, that Governments are found to be interested in taking out money from the pockets of the tax payers and distributing it among their officers. I am strengthened by the opinions expressed in this House by various members as also those expressed in the old Legislative Council by popular representatives including the present Leader of this House. From experience gathered during the last 25 to 30 years and by a close study and examination of the facts, I wish to place, with all good faith, before you and the House the imperative necessity of reducing the staff in certain Departments. I am glad that the Conservator of Forests has agreed to abolish one distinct officer, a thing we have been crying for the last so many years. Whether in the Excise Department or the Police Department there is the necessity for that kind of reduction, the same is the case with other departments as well.

MR. KANNANTHODATHU JANARDHANAN NAIR: In the current year's budget there was provision for 4 permanent and 1 acting incumbents. In the next year's budget there is provision for 5 permanent incumbents. Is this the kind of retrenchment that the member is contemplating?

SADASYATILAKA T. K. VELU PILLAI: If that is so, it is a mistake according to me. Once a man becomes an officer, he wants certain advantages, privileges and paraphernalia. These are the reminiscences of the old idea that the importance of the head of a department depends

upon the pay of that officer. I am making these observations because notwithstanding our efforts, office had been created in the past such as the Deputy Chief Engineer and the Circle Inspectors of Police. We were against the creation of such posts. But Government wanted to appoint certain people. Reorganisations were effected after three or four years according to the whims and fancies of certain people. Dewans may not be quite conversant with all the details and the result is that reorganisations work to the absolute detriment of the tax payers. I wish therefore that the Government will consider this question. There was once the Salaries Committee. Later on a gentleman was appointed to standardise salaries. His work has contributed a new word to the English language as used in this State. That word is Thommanisation i. e. the work of Mr. Thommen. But even Thommanisation had not the desired effect. Every Officer wants to maintain his full quota of the staff. So my suggestion is that the whole question must be re-examined. There must be an independent Committee consisting mainly of non-officials which should visit the various offices, scrutinise the registers, correspondence books and office records, and make recommendations for retrenchment. The present state of things should not be allowed to continue.

PRESIDENT : The member will finish soon. He has already exceeded his time.

SADASYATILAKA T. K. VELU PILLAI: I shall not expatiate further that point.

A word about the pension list. The amount is prohibitive and is increasing yearly. I am certainly not of the opinion that people, after their retirement, should be made to starve. But in the attempt not to make the officers starve the poor agriculturists should not be starved either. Pensions should be such as should enable one to have a decent living. Living is very cheap in India. What is the meaning of enabling a person to draw a very large amount of money as pension. There are persons who are drawing pension for years together and enable even their great grand children to enjoy the benefit thereof. My suggestion is that a maximum should be fixed.

PRESIDENT : Fixing of a minimum would not prohibit the age.

SADASYATILAKA T. K, VELU PILLAI: Let us fix a reasonable amount to enable a retired officer to live in reasonable comfort. I remember the late Seshiah Sastri writing a letter to H. H. the Maha Raja,—you have seen it Sir, thanking him for enabling him to live in comfort. I know one Dewan who told me once that he did not care for a retiring pension. I told him he was wrong. I shall not mention his name. But there are people who care for pension. They should be given a reasonable amount as pension. When they earn it. There should be a Superannuation Act in Travancore. In this connection certain other facts come to my mind. Don't settle pension in advance. I do not mean any offence to anybody. Things already done are done.

[Sadasyatilaka T. K. Velu Pillai.]

I do not want that retiring officers should suffer. But hereafter if anybody comes to enter Travancore service and asks for pension being settled in advance, he must be told that he is disloyal to the people of the country and to H. H. the Maharaja To demand that a pension should be settled in advance mean that an officer is unwilling to put his faith in the sense of justice and fairplay which we associate with the Government of His Highness the Maharaja.

PRESIDENT: Will the honourable member finish his remarks soon? There are quite a large number of persons who wish to take part in the debate.

SADASYATILAKA T. K. VELU PILLAI: If you will give ten minutes more ... ...

PRESIDENT: I shall give you 5 minutes more to complete your remarks.

SADASYATILAKA T. K. VELU PILLAI: The next point is about the appointment of an independent Controller of Accounts. If that is done we shall be able to liberate large funds for the benefit of millions. The economic condition of the people is bad enough. To take but one instance, the condition of agriculture is pitiable. The Irrigation Department does very little work. There are Division Peishkars who never inspect irrigation works or markets. They say they have not got the time for it. When the question was moved in a former session Government gave the assurance that the Peishkars would be asked to inspect the markets. They do not now inspect the markets at all and the P. W. D. are not doing anything for the improvement of the markets. All this must change.

Sir, I wish to say a word about certain officers whose salaries are shown in the Civil List as paid in British Rupees. Some officers are paid in British Rupees. But let the entries be in Sirkar Rupees in the accepted coinage of the State. It is quite good to use the British coins so long as our own coins are recognised, so long the right of coinage vested in our Sovereign is recognised and acknowledged.

Sir, permit me to raise another question, a very important one. The present Dewan has stated on more occasions than one that foreigners would not be brought in. The day before yesterday you said that no foreign I. C. S. Officer will be coming in. There are very intelligent men in this country, people who are trained under His Highness the Maharaja and under your good self. If so, what is the use of bringing in people from outside? If there is an outstanding personality of Indian and Imperial reputation, who will come for the pay offered, and if at the same time there is nobody here fit for the place, you may appoint such an outsider. But that contingency would not arise ordinarily. Therefore, all Travancore must be grateful to you for what you have said. (*President's bell.*)

MR. K. R. NARAYANAN (*Vaikom cum Kottayam*). സർ, തിരുവിതാംകൂറിലെ ബഡ്ജററിലെവരവ് ഏററവും ഉച്ചനിലയിലും ചിലവ് ഏററവും കുറഞ്ഞ നിലയിലും എത്തിയിരിക്കുന്നുവെന്ന് ഇവിടെ പലരും പ്രതിപാദിച്ചുകഴിഞ്ഞു. അതിനുള്ള കാരണങ്ങളെ വിശദീകരിക്കുവാൻ ഞാൻ തൽക്കാലം ഉദ്യമിക്കുന്നില്ല. ഞാൻ ഒരു അടിയന്തിരപ്രമേയം അയച്ചിരുന്നതു് മണ്ണെണ്ണയെക്കുറിച്ചാണ്. ദിവാൻപ്രസിഡൻറ് അവർകൾതന്നെ പ്രസ്താവിച്ചുകഴിഞ്ഞു, തിരുവിതാംകൂറിൽ മാത്രമല്ല ഇൻഡ്യയിലെ എല്ലാ മാർക്കററുകളിലും മണ്ണെണ്ണ കിട്ടുവാൻ വിഷമമാണെന്ന് അതു ഞാൻ സമ്മതിച്ചു. ആ അറിവു എനിക്കുമുണ്ടു. എന്നാൽ ഇവിടെ കിട്ടുന്നതായ മണ്ണെണ്ണതന്നെ ശരിക്കു കിട്ടുന്നില്ല എന്നും ഇടലാഭം കൊടുക്കാതെ അതു വാങ്ങുവാൻ കഴിയുന്നില്ലഎന്നും ഉള്ളതാണ് എൻെറ പരാതി, കോട്ടയം പേഷ്ക്കാർ അവർകൾ ഈ വിഷയത്തിൽ ഉത്സാഹത്തോടും അടിയന്തിരബുദ്ധിയോടുംകൂടി വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. വൈക്കം താലൂക്കിലെ നിവാസികൾക്കാവശ്യമുള്ള മണ്ണെണ്ണ എവിടെനിന്നും വാങ്ങണമെന്ന് വൈയ്ക്കം താശീൽദാരോട്ട് ചോദിച്ചതിൽ അതു് ചേർത്തലനിന്നും വാങ്ങണമെന്നാണ മറുപടിപറഞ്ഞതു്. വൈയ്ക്കത്തെ കച്ചവടക്കാർ മണ്ണെണ്ണയ്ക്കായി ചേർത്തലെ പോയപ്പോൾ അവിടെയും മണ്ണെണ്ണ നാസ്തി. വയ്ക്കത്തുള്ള ബി. ഒ. സി. ഏജൻറു അവിടെരണ്ടു പാട്ട മണ്ണെണ്ണ മാത്രം കൊണ്ടാണ് വിതരണംചെയ്യുന്നതു്. അതു് കുഞ്ചൻനമ്പ്യാരുടെ തുള്ളലിൽ പറയുന്നതുപോലെ "എല്ലും തോലും ചിറകും കൊക്കും അതെല്ലാം നീക്കി നറുക്കിക്കൊണ്ടാൽ തെല്ലുഭുജിപ്പാനുണ്ടെന്നും വരും ഇല്ലെന്നുംവരും" എന്ന മട്ടിലാണ്. അത്രയും അംശംമാത്രമേ ശേഷിക്കുന്നുള്ളു. ഇന്ന് തിരുവനന്തപുരം താലൂക്കിൽ മണ്ണെണ്ണ പോലീസു ഇൻസ്പെക്ടറന്മാരുടെ മേൽനോട്ടത്തിൽ കൊടുക്കാൻ ചിലവ്യവസ്ഥകൾ ചെയ്തിട്ടുള്ളതായി അറിയുന്നു. കോട്ടയംതാലൂക്കിലും മണ്ണെണ്ണ വിതരണവിഷയത്തിൽ ഈ മാതിരി ഒരു വ്യവസ്ഥചെയ്യുകയും കച്ചവടക്കാർ അമിതലാഭമെടുക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യുകയും ചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു. രണ്ടാമതായി ഇവിടത്തെ ഏററവും മുഖ്യമായ പ്രശ്നം അരിയാണ്. ആ പ്രശ്നത്തിനു പരിഹാരമായി എന്തെല്ലാം ചെയ്തുവരുന്നുവെന്നു സാമാന്യമായ ഒരു വിവരണം കിട്ടിക്കഴിഞ്ഞു. ഇവിടെ ഉണ്ടാകുന്ന വിളവ് ഈ രാജ്യത്തു് ആവശ്യമുള്ള അരിയുടെ ൫൦ ശതമാനംമാത്രമാണ്. മദ്രാസിൽനിന്നും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതു് റയിൽവേയുടെ സൗകര്യം ഇൻഡ്യാഗവൺമെൻറിൻെറ അഭിപ്രായത്തിനു മാററംവരാതിരിക്കുകയാണെങ്കിൽ തന്നെ ൨൦ ശതമാനം മാത്രമാണ്. ബാക്കി ൩൦ ശതമാനം അരിക്ക് നാം എവിടെ പോകും.

PRESIDENT : I might, remind the honourable members that I have 19 speakers on my list and unleass, very great restraint in exercised by the honourable membars speaking between 2 and 5. o'clock it will be verv difficult to give adequate scope to all honourable members.

The House adjourned for lunch at 1 P. M. and re-assembled at 2 P. M. with the President in the chair.

MR. K. R. NARAYANAN : ൩൫ ശതമാനമോ ൩൦ ശതമാനമോ കിട്ടിയാൽത്തന്നെയും നമുക്ക് ൨൦ ശതമാനമോ ൧൫ ശതമാനമോപോരാതെ വരും. അതുഎങ്ങനെ ഉണ്ടാകും. ഈ പ്രശ്നത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ൧൯൧൮-ൽ ജർമ്മനിയിൽ ചെയ്ത ഇടപാടാണ് എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത്. അന്നു ജർമ്മനിയിൽ ഒററ ഇഞ്ച് സ്ഥലംപോലും കൃഷിചെയ്യാതെ ഇടാൻപാടില്ലെന്നു ഒരു വ്യവസ്ഥ ഉണ്ടാക്കി അവിടത്തെ പള്ളികളിലുള്ള ചുടുകാടുകളിൽപോലും കൃഷിചെയ്യാൻ നിർബന്ധിച്ചു. ഇവിടത്തെ പള്ളികളിലെ ചുടുകാടുകളിൽ കൃഷി ചെയ്തില്ലെങ്കിലും തിരുവിതാംകൂറിലെ ജൈലാക്കന്മാരായ ധർമ്മദേവസന്മാരുടെ വെറുതേ കിടക്കുന്ന ഭൂമികളിൽ കൃഷിചെയ്യാൻ വേണ്ടഏർപ്പാടുകൾ ചെയ്യണം. ധാരാളം ഏക്കർ സ്ഥലങ്ങൾ പതിച്ചെടുത്തു പ്രയോജനമുള്ള യാതൊരു കൃഷിയും ചെയ്യാതെ ഇട്ടിരിക്കുന്നതു ചൂണ്ടിക്കാണിക്കുവാൻ ഞാൻ തയ്യാറാണ്. അപ്രകാരമുള്ള ഭൂമികൾ ഒന്നുകിൽ അവരിൽനിന്നും എടുക്കുകയോ അല്ലാത്തപക്ഷം അങ്ങനെയുള്ളവരെ പീനലൈസ് ചെയ്കയോ ചെയ്യേണ്ടതു അപരിത്യാജ്യമാണ്. ഇപ്രകാരംവെറും തരിശായി കിടപ്പുള്ള സ്ഥലങ്ങളെപ്പററിയുള്ള വിവരങ്ങൾ ഗവർമെൻറിനു അറിയണമെങ്കിൽതെല്ലും സങ്കോചംകൂടാതെ ചൂണ്ടികാണിക്കാൻ ഞാൻതയാറാണ്. അതിനു ഒരു പരിഹാരം ഉടനടിഉണ്ടാക്കണം. അതുപോലെതന്നെ വനങ്ങൾ പതിച്ചുകൊടുക്കുവാൻ പ്രയാസമാണെന്നുപറയുന്ന സയൻസ്‌വാദത്തെ ഞാൻ എതിർക്കുന്നില്ല. ഫാറസ്ററ് കൺസർവേററർ അവർകൾ നാലഞ്ചു മാസങ്ങൾക്കു മുൻപ് ഈ സഭമുൻപാകെതന്നെ വനംവകസ്ഥലങ്ങൾ കൃഷിക്കുവേണ്ടി പാട്ടമായി കൊടുക്കാമെന്നു വാഗ്ദനംചെയ്തിരുന്നു. അതു ഇപ്പോഴും ഒരു മച്ചിപശുവായിത്തന്നെ ശേഷിക്കുന്നു. വല്ലപ്പോഴും കൊടുക്കാമെന്നു പറഞ്ഞാൽ കററാലം അരുവിപോലെ വരുന്ന പട്ടിണിക്കു പരിഹാരമുണ്ടാകുമോ? അതു ഉടനടി ചെയ്യേണ്ടതാണു. പാട്ടംകൊടുക്കുവാൻ താമസിക്കുന്നതു അപകടമാണെന്ന് അദ്ദേഹംമറന്നുപോകരുതു. നാം ഇപ്പോൾ ജീവിക്കുന്നതു ബോംബിൻെറ ഒച്ചപ്പാടിൻെറയും പട്ടിണിപ്പാവങ്ങളുടെ മുറവിളിയുടേയും മദ്ധ്യത്തിലാണ്. അതുകൊണ്ട് എൻെറ സർവശക്തികളും പ്രയോഗിച്ച്

ഫോറസ്ററ് കൺസർവേററർ അവർകളോട്ട അദ്ദേഹം ഈ കാര്യം ഉടനടി നിർവഹിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മി. നാരായണപിള്ള പറഞ്ഞു, കപ്പ ഇവിടെ നിന്നും കയററിഅയക്കുവാൻ പാടില്ലെന്ന്. ഞാൻ ഇതിൽനിന്നും വ്യത്യസ്തപ്പെടുന്നു. കപ്പ അന്യരാജ്യങ്ങളിൽ കയററിഅയക്കുവാൻ പാടില്ലെന്നുവന്നാൽ അതിന്റെ വില ഉടനടി ഇടിയും. കപ്പ കൃഷിചെയ്യുന്നവന് അതു വിററുകിട്ടുന്ന ചക്രംകൊണ്ട് മുണ്ടും അരിയും വാങ്ങാൻ വിഷമം നേരിടും. അതുകൊണ്ട് കപ്പ കയററിഅയക്കുവാൻ പാടില്ലെന്നു പറയുന്ന ആ മഹാരാജ്യസ്നേഹത്തിനിടയിൽ ഉണ്ടാകാവുന്ന വിഷമങ്ങളെപ്പററി എന്റെ മാന്യസ്നേഹിതൻ മി. നാരായണപിള്ള ആലോചിച്ചു നോക്കണമെന്ന് എനിക്ക് ഒരപേക്ഷയുണ്ട്.

MR. M. R. NARAYANA PILLAI: അരിപ്പൊടി ഇവിടെനിന്നും വെളിയിൽ കയററിഅയക്കുന്നതു മെംബറിന് സമ്മതംതന്നെയാണോ?

MR. K. R. NARAYANAN: ഈ കുഴപ്പം അതിലും നേരിടുന്നപക്ഷം അതും അപ്രകാരം കയററിഅയക്കുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. പരിമിതമായ ഈ സമയത്തിനുള്ളിൽ എല്ലാ വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അടുത്തതായി എനിക്കു പറയുവാനുള്ളതു് സെക്കണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ചാണ്. അതിനുള്ള സംഖ്യ കുറഞ്ഞുവരുന്നതായിക്കാണാം. എന്നാൽ വിദ്യാഭ്യാസപ്രസക്തി ഇവിടെ കുറഞ്ഞിട്ടില്ല. അങ്ങിനെയിരിക്കെ വിദ്യാഭ്യാസത്തിനു കുറവു വരുന്നതു എന്തുകൊണ്ടാണെന്നു ആലോചിച്ചാൽ അതു ഫീസ് വർദ്ധിച്ചിരിക്കുന്നതുകൊണ്ടാണ്. ഗ്രാൻറ് പള്ളിക്കൂടങ്ങളിലെ വിദ്യാർത്ഥികളുടെ കണക്കു നോക്കിയാൽ കൊല്ലംതോറും അവരുടെ സംഖ്യകൂടിക്കൂടിവരുന്നു. അതേ അവസരത്തിൽ ഗവൺമെൻറ് പള്ളിക്കൂടങ്ങളിലെ വിദ്യാർത്ഥികളുടെ സംഖ്യ കുറഞ്ഞു വരുന്നു. ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാർ ഗവൺമെൻറ്സ്കൂൾ അദ്ധ്യാപകന്മാരെക്കാൾ സമർത്ഥന്മാരായതുകൊണ്ടല്ല അപ്രകാരം സംഭവിക്കുന്നതു്. അതിന് നഗ്നമായ ഒരു പരമാർത്ഥമുണ്ട്. ഗവൺമെൻറു പള്ളിക്കൂടങ്ങളിലെ ഫീസ് ഒരു രൂപയാണെങ്കിൽ ആ ഒരു രൂപയും വിദ്യാർത്ഥികൊടുക്കുകതന്നെ വേണം. എന്നാൽ ഗ്രാൻറ് പള്ളിക്കൂടങ്ങളിലെ ഫീസ് കണക്കിൻപ്രകാരം ഒരു രൂപയായിരുന്നാലും വിദ്യാർത്ഥികൾ അരരൂപയോ കാൽരൂപയോ കൊടുത്താൽ മതിയാകുന്നതാണ്. അതാണ്

[Mr. K. R. Narayanan.]

ഗ്രാൻറസ്ക്കൂളിൽ വിദ്യാൎത്ഥികൾ കൂടുന്നതിനും ഗവന്മെൻറസ്ക്കൂളുകളിൽ വിദ്യാൎത്ഥികൾ കറയുന്നതിനും ഉള്ള കാരണം. ബഡ്ജററിലെ കണക്കനുസരിച്ച് ഫീസിനത്തിൽ മൂന്നലക്ഷംരൂപ കിട്ടുന്നതായി കാണുന്നു. വിദ്യാൎത്ഥികൾക്കു പകുതിഫീസായി കറച്ചാൽ ഗവന്മെൻറിനു ഒന്നര ലക്ഷം രൂപയുടെ നഷ്ടമുണ്ടാകും. പ ര ലക്ഷം രൂപാ മിച്ചം വയ്ക്കുവാൻ സാധിക്കുന്ന തിരുവിതാംകൂർ ഗവന്മെൻറിനെപ്പോലുള്ള ഒരു ഉലച്ചിലില്ലാത്ത ഗവന്മെൻറ് ജനസാമാന്യത്തിൻെറ വിദ്യാഭ്യാസത്തിനുവേണ്ടി ഒന്നര ലക്ഷംരൂപ ഫീസിനത്തിൽ കുറവുചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ച് പരിഗണിക്കുമ്പോൾ ഇപ്പോൾ ഇവിടെ വെള്ളം കുടിക്കണമെങ്കിൽ വിദ്യാഭ്യാസം വേണം; ജീവിക്കണമെങ്കിൽ വിദ്യാഭ്യാസംവേണം എന്ന നിലയായിത്തീൎന്നിരിക്കുന്നു. ഇപ്രകാരം പ്രാണവായുവിനെപ്പോലെയും ശുദ്ധവെള്ളത്തെപ്പോലെയും പ്രാധാന്യമുള്ള വിദ്യാഭ്യാസവിഷയത്തിൽ ചക്രം വൎദ്ധിപ്പിക്കുവാൻ മാത്രം തുടങ്ങിയാൽ അതു ഒരു പിൻതിരിപ്പൻനയം മാത്രമാണെന്നാണ് എൻെറ അഭിപ്രായം. ഗവന്മെൻറു അതു പുനരാലോചിക്കണം.

സർ, ഫീസ് സൗജന്യം അനുവദിക്കേണ്ട കാൎയ്യം സഭമുൻപാകെ പ്രസ്താവിച്ചുകഴിഞ്ഞു. ഇനി ചില സമുദായങ്ങൾക്ക് എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം സീററ് റിസർവു ചെയ്യേണ്ട കാൎയ്യമാണ് പറയാൻ ആഗ്രഹിക്കുന്നതു്. സർ, സ്കൂൾഫൈനൽ പരീക്ഷാഫലത്തിൽ നമ്പർ കുറഞ്ഞുപോയി എങ്കിലും വിദ്യാഭ്യാസത്തോതു കുറച്ചുകൂടി നന്നാക്കണമെന്ന അഭിപ്രായമുണ്ടായിരുന്നു. അതിന് വിദ്യാഭ്യാസവിഷയത്തിൽ വിശാലവീക്ഷണമുള്ള ദിവാൻ പ്രസിഡൻറവർകൾ പറഞ്ഞ മറുപടി വളരെ ശ്ലാഘ്യമാണ്. അതിനെ അതു് അൎഹിക്കുന്ന വിധത്തിൽ ആദരിച്ചുകൊണ്ടാണ് ഞാൻ ചില സംഗതികൾ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നതു്. സർ, ചാരിത്രപരമായ കാരണങ്ങൾകൊണ്ടോ എന്തോ തിരുവിതാംകൂറിലെ ചില സമുദായങ്ങൾ വിദ്യാഭ്യാസവിഷയത്തിലും, അതുനിമിത്തമുണ്ടാകേണ്ട ബുദ്ധിവികാസവിഷയത്തിലും വളരെ പിന്നോക്കമാണ്. അതിനു പരിഹാരമുണ്ടാകേണ്ടിയിരിക്കുന്നു. ആ പരിഹാരത്തിന് സീററ് റിസർവു ചെയ്കയല്ലാതെ മറെറാരു നിൎവാഹവുമില്ല. മാൎക്കുകളുടെ തോതുംകൂടി കൂടിപോകുന്നു. ഇതിനും ഒരു പരിഹാരം അധികൃതന്മാർ വിചാരിക്കയാണെങ്കിലേ വരുത്താൻ സാധിക്കുകയുള്ളു.

അല്ലാത്തപക്ഷം ഈഴവസമുദായത്തെപ്പോലെ വളരെക്കാലമായി പിന്നോക്കംനിൽക്കുന്ന സമുദായങ്ങൾ വളരെ പരുങ്ങലിൽ ആയിപ്പോകും എന്നുള്ള സംഗതി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഇതു ദയാപൂർവ്വം വിട്ടുവീഴ്ചകളോടും അധികൃതന്മാർ ചെയ്യുന്ന സഹായങ്ങൾ അനുസ്മരിക്കാതെയോ മറന്നിട്ടോ അല്ല ഞാൻ പ്രസ്താവിക്കുന്നതു്. ഇഞ്ചിനീയറിംഗ് കാളേജിൽ തിരുവിതാംകൂറിൽനിന്നു് വന്ന വിദ്യാർത്ഥികൾക്കാണ് ഇതിനകം പ്രവേശനം ലഭിച്ചിട്ടുള്ളതു്. ഈ വന്ന വിദ്യാർത്ഥികളിൽ മൂന്നേ മൂന്നു വിദ്യാർത്ഥികൾക്കാണു് ഈഴവസമുദായത്തിൽനിന്നും ഉൾപ്പെടുവാൻ സാധിച്ചതു്. ഇതിൽ തന്നേയും പല കൈകടത്തലുകളും നടന്നിട്ടുണ്ടു്. ഈ വന്നപേർ ൩൫ രൂപാ മുതൽ ൨൦൦ രൂപാവരെ ശമ്പളത്തിൽ നിയമിക്കപ്പെടേണ്ടവരാണ്. ൩൫ രൂപാമുതൽ ൨൦൦ രൂപാവരെയുള്ള നിയമനം പബ്ലിക്ക് സർവീസ് ചട്ടപ്രകാരംതന്നെ വിതിച്ചാൽ ഈ വന്ന-ം, ന-ം തമ്മിൽ അതിൻെറ ടോട്ടൽ എങ്ങനെ ശരിപ്പെട്ടുമെന്നു അധികൃതന്മാർ ആലോചിക്കേണ്ടതാണ്. മെഡിക്കൽ കാളേജിനെപ്പററിയും പറയേണ്ടതു് ഇതുതന്നെയാണ്. മററുള്ളവരോടു് സംസ്കാരംകൊണ്ടും, മററുള്ളവരോടു് ബുദ്ധിവികാസംകൊണ്ടും, മററുള്ളവരോടു് എല്ലാ പരിഗണനകൊണ്ടും ഈഴവർ തുല്യരായിത്തീരുന്നതുവരെ എങ്കിലും ഈ റിസർവേഷൻ അംഗീകരിക്കുവാൻ ദയവുണ്ടാകണമെന്നുമാത്രമാണ്, ഒരവകാശമായിട്ടല്ലാ സൗജന്യമായി അപേക്ഷിക്കുന്നതു്. ഇങ്ങനെയുള്ളവക്കു് മദ്രാസിൽ ൨൫ ശതമാനം സീററു് റിസർവ്വ ചെയ്തിട്ടുണ്ടെന്നാണ് എൻെറ അറിവു്. ഇവിടെ മിതമായ ഒരു തോതിലെങ്കിലും എല്ലാവക്കും കടന്നുകൂടുവാൻ യൂനിവേഴ്സിററി പ്രവത്തകന്മാർ വെറും ഒരു നീതി, വെറും ഒരു അനുകമ്പ, വെറും ഒരലിവു് സമുദായത്തോടു കാണിക്കുവാൻ അവരോടുള്ള ആദരവിനേയും ബഹുമാനത്തേയും അവർ ഇതുവരെ ചെയ്തുതന്നിട്ടുള്ള സഹായത്തേയും അനുസ്മരിച്ചുകൊണ്ടു് അവരെ ഉൽബോധിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

എനിക്കു് അടുത്തതായി പറയുവാനുള്ളതു് ഇവിടത്തെ പബ്ലിക്കു സർവീസിനെപ്പററിയാണ്. ഇവിടത്തെ പബ്ലിക്ക്സർവീസിൽ ലോവർ ഡിവിഷനിൽ ഉള്ള നിയമനത്തെ സംബന്ധിച്ചിടത്തോളം സാമാന്യം തൃപ്തികരമായിരിക്കുന്നുണ്ടു്. അല്ലറ ചില്ലറ കുഴപ്പങ്ങളുള്ളതു് ഇപ്പോൾ പ്രസ്താവിക്കണമെന്നാഗ്രഹിക്കുന്നില്ല. ആ ഡിപ്പാർട്ടുമെൻറിലേക്കുള്ള ഡിമാൻറു വരുമ്പോൾ അതു് പ്രസ്താവിച്ചു കൊള്ളാം.

Mr. K. R. Narayanan.]

൧൦൦ രൂപാക്കു മേലുള്ള നിയമനങ്ങളിൽ ഈഴവസമുദായത്തിന്റെ പ്രാതിനിധ്യം എന്താണെന്നു നോക്കാം. എന്റെ അറിവു ശരിയാണെങ്കിൽ ഈയാണ്ടിൽ മുപ്പതോളംപേരെ ഗവണ്മെന്റിൽനിന്നും നിയമിച്ചിട്ടുണ്ട്. അങ്ങനെ നിയമിച്ചിട്ടുള്ള നമ്പരുകളിൽ ഈഴവക്കു പ്രവേശിക്കുവാൻ ഭാഗ്യമുണ്ടായതു് ഒരൊററ ഉദ്യോഗത്തിലാണു്.

MR. THARIATHU KUNJITHOMMEN : ഞാനുൾപ്പെട്ട സമുദായത്തിൽ നിന്നും ഈ മുപ്പതോ മുപ്പത്തിമൂന്നോ ആളുകളെ നിയമിച്ചകൂട്ടത്തിൽ ൧൦൦ രൂപാ ശമ്പളം വാങ്ങുന്ന എത്രപേരുണ്ടെന്നു മെംബർക്കറിയാമോ?

MR K. R. NARAYANAN : ഞാൻ എന്റെ മുഖത്തിൽ വെള്ളം കയറരുതെന്നുള്ള കാര്യമാണു് ആഗ്രഹിക്കുന്നതു്. ഈ പറയുന്നതിൽ തെററിദ്ധരിക്കരുതു്. ആൾക്കെല്ലാം കിട്ടുന്നതിലും തരക്കേടില്ല. ഈഴവനും ഒരു ചെറിയ തോതിലെങ്കിലും കൊടുക്കുവാനുള്ള അനുകമ്പ കാണിക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. അതുപോലെതന്നെ സിക്രട്ടേറിയററിലെ ആളുകളുടെ നമ്പർ അറിയുവാൻ ഭരണാധികാരികൾക്കു് വിഷമമില്ല. എന്നാൽ ആ നമ്പരുകൾ പറഞ്ഞു് ഈ അന്തരീക്ഷത്തിൽ, പ്രാതിനിധ്യം അംഗീകരിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അലകോലമുണ്ടാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. വല്ല വിടവുകളും ഉണ്ടാകുമ്പോൾ ഇതിനു പരിഹാരമുണ്ടാകത്തക്കവണ്ണം വേണ്ടതു പ്രവർത്തിക്കണമെന്നു് എല്ലാ ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാരോടും ഭരണകൂടത്തെ നയിക്കുന്ന, ഭരണസാരഥ്യം വഹിക്കുന്ന അങ്ങയോടും വിനയപൂർവ്വം അപേക്ഷിക്കുന്നു.

അവസാനമായി പറയുവാനുള്ളതു് എന്റെ താലൂക്ക് നിർഭാഗ്യമായ ഒരു താലൂക്കാണെന്നാണു്. മഴപെയ്യുമ്പോൾ വെള്ളത്തിന്റെ ശല്യംകൊണ്ടു് കിടക്കാൻ പാടില്ല. വേനൽക്കാലത്തു് ഉപ്പുവെള്ളം കൊണ്ടു് കുടിക്കാൻ നിവൃത്തിയില്ല. ഒരു ഇംഗ്ലീഷ്കവി പറഞ്ഞതുപോലെ സഞ്ചരിക്കാൻ റോഡില്ല, എലക്ട്രിക്ക്ലൈററു കിട്ടുമെന്നു വിചാരിച്ചാൽ അതില്ല. വല്ല അത്യാവശ്യങ്ങൾക്കും തിരുവനന്തപുരത്തേക്ക് ഫോൺകൊടുക്കാമെന്നു വിചാരിച്ചാൽ ഫോണില്ല. ൧൦ — ൧൫ മൈൽ ദൂരെയല്ലാതെ ഒരു മൃഗാശുപത്രിയില്ല. ലേഡീഡാക്ടരില്ല, ഒരു മൃഗാശുപത്രി കാണണമെന്നുണ്ടെങ്കിൽ കോട്ടയത്തോ ആലപ്പുഴയോ

പോകണം. ഒരു എലക്ട്രിക്കലൈററ് കാണണമെങ്കിൽ ആലപ്പുഴ വരെ പോകണം.

പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറിൽ നിന്ന് അവിടത്തേക്ക ഒരൊററ മിഡ്വൈഫിനെ തന്നിട്ടുണ്ട്. അവക്കു സാധാരണ ധാരാളം ഡെലിവറികേസുകൾ അററൻറുചെയ്യണം. വലിയകേസുകളാണെങ്കിൽ, ഒരു ലേഡീഡാക്ടരെ കാണണമെങ്കിൽ കോട്ടയത്തോ, മൂവാററുപുഴയോ പോകേണ്ടിയിരിക്കുന്നു. ഒരൊററ മിഡ്വൈഫിനെക്കൊണ്ട് അവിടെ സാദ്ധ്യമല്ല. ഇക്കാര്യങ്ങളിൽ ഗവണ്മെൻറു ദയവായി പരിഗണിക്കേണ്ടതാണ്. ഇത്ര നിർഭാഗ്യകരമായ ഒരു താലൂക്കിനെ പ്രതിനിധീകരിക്കുവാനാണ് എനിക്ക ഇടയായിട്ടുള്ളത്. ഈവിധ സങ്കടങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർക്ക ഉദാരബുദ്ധിയും അവസരമനോഭാവവും പ്രദാനംചെയ്യുവാൻ ഞങ്ങളുടെ ഏക ആധാരമായ വൈക്കത്തപ്പനോട് പ്രാർത്ഥിച്ചുകൊണ്ടും, എൻെറ സമുദായത്തിൻെറയും, താലൂക്കിൻെറയും വീക്ഷണകോണിൽനിന്ന് എന്തെല്ലാം ഈ സദസ്സിനെ അറിയിക്കേണ്ടതുണ്ടോ അതെല്ലാം അനുസ്മരിപ്പിച്ചുകൊണ്ടും ഞാൻ വിരമിക്കുന്നു.

MR. KAVIYOOR K. K. KOCHUKUNJU: സർ, ധനകാര്യദർശിയുടെ ബഡ്ജററിനെ സ്വാഗതം ചെയ്യുവാൻ ഞാൻ ഈ സന്ദർഭം സസന്തോഷം ഉപയോഗിച്ചുകൊള്ളട്ടെ. ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നതോടുകൂടി ബഡ്ജററിനേക്കുറിച്ച് ചുരുക്കം ചില സംഗതികൾ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ സവിശേഷമായ ശ്രദ്ധയിൽപ്പെടുത്തുന്നത് അവസരോചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. ബഡ്ജററിൻെറ നാനാവശങ്ങളേയും പരാമർശിച്ചുകൊണ്ട് പല മാന്യമെമ്പറന്മാരും പ്രസംഗിച്ചുകഴിഞ്ഞു. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഒരു വിസ്തൃതമായ നിരൂപണത്തിനോ വിമർശനത്തിനോ ആവശ്യമില്ലെന്നാണ് എൻെറ എളിയബുദ്ധിയിൽ തോന്നുന്നത്. കാരണം, പരിഷ്കൃതാശയങ്ങളുടേയും സ്വാതന്ത്ര്യവിചിന്തനങ്ങളുടേയും ഭണ്ഡാകാരമായിരിക്കുന്ന സചിവോത്തമൻ നമ്മുടെ സംസ്ഥാനത്തിൻെറ മന്ത്രിപദം അലങ്കരിക്കുവാൻ ഭാഗ്യംലഭിച്ചതിനു ശേഷം അതാതു കൊല്ലങ്ങളിൽ ഉണ്ടായിട്ടുള്ള സകല ബഡ്ജററുകളിലും ഉള്ളടക്കം ചെയ്തിരുന്ന ഓരോ സംഗതിയുടേയും പ്രായോഗികസാദ്ധ്യത അനുഭവപ്പെട്ടിട്ടുള്ളവക്ക് ഈ ബഡ്ജററിനെ അവജ്ഞയോടുകൂടിയോ, സംശയത്തോടുകൂടിയോ, നിരാശയോടുകൂടിയോ വീക്ഷി

[Mr. Koviyoor K. K. Kochukunju.]

ക്കുവാൻ സാദ്ധ്യമല്ലായെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. ഈ നാട്ടിലെ ജനങ്ങളുടെ നാനാമുഖങ്ങളായ സുഖസൗകര്യാദികളെ മുൻനിർത്തിക്കൊണ്ടാണ് സമർത്ഥനായ ഫിനാൻഷ്യൽസെക്രട്ടറി ഈ ബഡ്ജററ് രൂപീകരിച്ചിരിക്കുന്നതെന്നു കാണുവാൻ കഴിയുന്നതാണ്. ലോകമൊട്ടാകെ അനുനിമിഷം സ്ഥിതിഗതികൾ മാറിമാറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രാജ്യത്തിലെ ഭരണവിധങ്ങൾക്കോ ജനങ്ങളുടെ ജീവിതരീതികൾക്കോ സാരമായ മാററം വരാതവണ്ണം സാമ്പത്തികനിലയിൽ കഴിവുള്ളത്ര ഫിനാൻഷ്യൽസെക്രട്ടറി കരുതിപ്രവർത്തിച്ചിട്ടുണ്ടെന്നു് കാണുവാൻ കഴിയുന്നതാണ്. മറെറല്ലാ കാര്യങ്ങളിലും എന്നപോലെ അവശസമുദായസംരക്ഷണത്തിനും ഒരു ഗണ്യമായസംഖ്യ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു ചിന്തിച്ചാൽ ദീനബന്ധുവായ അവിടുത്തേക്ക് അവശസമുദായങ്ങളോടുള്ള വത്സലമനോഭാവത്തിന്റെ പ്രതിഫലനമായി ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു. ഈ സംഖ്യയെക്കുറിച്ച് ഈ സന്ദർഭത്തിൽ ഒന്നുരണ്ടു സംഗതികൾ അവിടത്തെ വിലയേറിയ ശ്രദ്ധയിൽപ്പെടുത്തേണ്ടതു് അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം എന്റെ ഒരു ഒഴിച്ചുകൂടാത്ത കർത്തവ്യമായി ഞാൻ കരുതുന്നു. അവശർ എന്ന പേരു് അർഹിക്കുന്നവരായി ഇവിടെ ഫർ ലക്ഷത്തോളം സാധുക്കൾ ജീവിച്ചുപോരുന്നു എന്നാണ് എന്റെ അറിവ്. ഈ ഫർ ലക്ഷത്തിൽ അവശർ എന്ന പേർ അർത്ഥവത്തായിട്ടുള്ള എല്ലാ സമുദായങ്ങളും ഇപ്പോഴത്തെ അവശസമുദായപ്പട്ടികയിൽ ഉൾപ്പെടുന്നതിനോ അവശസമുദായങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെൻറു് കരുണാപൂർവം ചെയ്തുപോരുന്ന ആനുകൂല്യങ്ങളുടെ സ്വാദ് ആസ്വദിക്കുന്നതിനോ ഭാഗ്യം ഉണ്ടായിട്ടില്ലെങ്കിലും അവശസമുദായസംരക്ഷണത്തിനായി ഇപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ ഇന്നത്തെ പരിതഃസ്ഥിതിയിൽ എത്രകണ്ടു് മതിയാകുമെന്നു് അവിടുന്നു് ദയവായി ചിന്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അവിടത്തെ കരുണാപൂർവമായ പുനരാലോചനയിൽ ഈ തുക പോരാ എന്നു തോന്നുന്നപക്ഷം കൂടുതൽസംഖ്യ അനുവദിക്കുകയും അവശസമുദായപ്പട്ടികയിൽ ഉൾപ്പെടുവാൻ അർഹരായി ഇനിയും മററു സമുദായങ്ങൾ ഉണ്ടെങ്കിൽ അവരെക്കൂടി ഇപ്പോഴത്തെ അവശസമുദായപട്ടികയിൽ ഉൾപ്പെടുത്തി അവശസമുദായപ്പട്ടിക പുതുക്കുവാൻ ആജ്ഞാപിക്കയും ചെയ്യണമെന്നു ഞാൻ വിനയപൂർവം അപേക്ഷിക്കുന്നു. ഞാൻ ഈ ബഡ്ജററിനെപ്പററി കൂടുതലായി വിമർശനംചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല. നമ്മുടെ രാജ്യത്തിലെ

നടപ്പുവർഷത്തിലേക്കുള്ള മുതലെടുപ്പു അഭിനന്ദനീയമാംവണ്ണം വർദ്ധിച്ചിട്ടുണ്ടെന്നു കാണുന്നതു് ആശ്വാസകരമാണു്. ഇപ്പോൾ ഉണ്ടായിട്ടുള്ള വർദ്ധനവു് ജനങ്ങളുടെ മേൽ ഏതെങ്കിലും തരത്തിൽ പുതുക്കരം ചുമത്തിയോ മറെറന്തെങ്കിലും തരത്തിൽ വിഷമിപ്പിച്ചോ ഉണ്ടായിട്ടുള്ളതല്ലായെന്നു കാണുമ്പോൾ അവിടത്തെ അതിമഹത്തായ ഭരണനിപുണതയുടെ പ്രസരിപ്പു് നന്ദിപൂർവം സ്മരിക്കാത്തവൻ ഇന്നു് ആരാണുള്ളതു്. ഇപ്രകാരം വഞ്ചിരാജ്യം പൂർവാധികം ഐശ്വര്യസമൃദ്ധമായിത്തീരുവാനുള്ള സർവലക്ഷണങ്ങളും കണ്ടുതുടങ്ങിയിരിക്കുന്ന ഈ ഘട്ടത്തിൽ വഞ്ചിവസുന്ധരയുടെ സൌഭാഗ്യപുണ്യസർവസ്വമായ അങ്ങയുടെ തൽക്കാലവേർപാടു്, ഈ രാജ്യത്തിന്റെ അഭിമാനത്തേയും ഐശ്വര്യത്തേയും ആഗ്രഹിക്കുന്ന സകലരേയും വ്യാകുലപ്പെടുത്തുന്ന ഒരു സംഭവമാണു്. വിശേഷിച്ചും ഇവിടത്തെ അവശസമുദായത്തിനു അവിടത്തെ തൽക്കാലവിയോഗം അപാരമായ ഹൃദയവേദനയ്ക്കും സംഭ്രമത്തിനും ഇടയാക്കീട്ടുണ്ടെന്നു് ഈ സാധുക്കളുമായി സദാ ഇടപെടുന്നതിനു് ഭാഗ്യംലഭിച്ചിട്ടുള്ള എനിക്കു് വേണ്ടവിധം അറിവാൻ കഴിഞ്ഞിട്ടുണ്ടു്. പക്ഷേ എന്തുചെയ്യാം. മാനവസമുദായത്തിന്നു് ആകമാനം പ്രയോജനപ്പെടത്തക്കവണ്ണം അങ്ങയെ ഈശ്വരൻ നിയോഗിച്ചിരിക്കുമ്പോൾ ഞങ്ങൾക്കുമാത്രം പ്രയോജനപ്പെട്ടാൽ മതിയെന്നു വിചാരിക്കുന്നതു് പ്രായോഗികമല്ലെന്നു സമാധാനിക്കുവാനേ ഞങ്ങൾക്കു കഴിയുകയുള്ളു. മനുഷ്യസമുദായത്തിന്റെ സ്വാതന്ത്ര്യത്തിനും സമാധാനജീവിതത്തിനുംവേണ്ടി ശത്രുക്കളോടു പോരാടുന്ന നമ്മുടെ അധീശഗവൺമെന്റിന്റെ സകലവിജയങ്ങൾക്കും ഒരു ഒഴിച്ചുകൂടാത്ത സേവകനായി അങ്ങു് നാൾക്കുനാൾ അഭ്യുന്നതിപ്രാപിച്ചു കാണുന്നതിനും വീണ്ടും ഞങ്ങളുടെ ദിവാൻജിയായി താമസംവിനാ പരിലസിച്ചുകാണുവാനും സർവ്വശക്തൻ അവിടത്തേക്കു സവ്കഴിവുകളും പ്രദാനംചെയ്യട്ടെ എന്നു പ്രാർത്ഥിക്കുവാനേ ഞങ്ങൾക്കു കഴിവുള്ളു.

സർ, ഞാൻ പല സന്ദർഭങ്ങളിലും അവിടത്തെ വിലയേറിയ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ഒന്നുരണ്ടു സംഗതികൾക്കൂടി പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കാം.

സർ, ഈ രാജ്യത്തു് മററുസമുദായങ്ങൾക്കുകൂടി ഒരുത്തമ മാതൃകയായി സംസ്കാരസമ്പന്നരായി പ്രാബല്യത്തിൽ ഏററവും മുന്നണിയിൽ നിൽക്കുന്ന നായർസമുദായത്തിന്റെ ഉള്ളിൽ കടന്നുനോക്കിയാൽ പരസ്പരവിവാഹവും പന്തിഭോജനവും ഇന്നും നിഷിദ്ധമായി കരുതിപ്പോരുന്ന ഏകദേശം നൂററിപതിനാറോളം അവാന്തരവിഭാഗങ്ങൾ ഒരേപ

[Mr. Kaviyoor K. K. Kochukunju.]

രിൽ സംഘടിച്ചിട്ടുള്ള ഒരു ഗണ്യജനവിഭാഗം ആണെന്നു കാണുവാൻ കഴിയും. ഈ സമുദായത്തിൽപ്പെട്ട സംസ്കാരസമ്പന്നരായ ചില മഹാത്മാക്കളുടെ ശ്രമഫലമായി സാധിച്ചിട്ടുള്ള ഈ മഹൽക്കാര്യംമൂലം സമുദായത്തിനുണ്ടായിട്ടുള്ള ഗുണങ്ങൾ നിരവധിയാണ്. ബഹുമാനപ്പെട്ട ഈഴവസമുദായത്തെ നോക്കിയാലും മിക്കവാറും ഈ അനുഭവംതന്നെയായിരിക്കും എന്നുള്ള എന്റെ ധാരണ പ്രമാദമാണെങ്കിൽ സദയം ക്ഷമിക്കണം. അതുപോലെതന്നെ വിവിധ് ആചാരങ്ങളിലും വിവിധതൊഴിലുകളിലും വിവിധപേരുകളിലും ഇന്നും അറിയപ്പെടുന്ന മൂശാരി, ആശാരി കൊല്ലൻ, തട്ടാൻ, വാലൻ, വില്ലാശാൻ, ചെമ്പുതട്ടി മുതലായജനങ്ങളെ കമ്മാളൻ എന്ന ഏകപേരിൽ ഒരു പട്ടികയിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട ഗവൺമെൻറ് ദയാപൂർവം പ്രോത്സാഹിപ്പിച്ചുവരുന്നു. ഈ അനുഭവങ്ങൾ നോക്കുമ്പോൾ ഈവക യാതൊരു വ്യത്യാസങ്ങളും ഇല്ലാത്തവരും ഒരേ തൊഴിലിലും ജീവിതസമ്പ്രദായങ്ങളിലും ഇന്നും ഒന്നായിക്കഴിഞ്ഞുവരുന്നവരും എന്നാൽ ദേശവ്യത്യാസം അനുസരിച്ചുമാത്രം ചില പ്രത്യേകപേരുകളിൽ അറിയപ്പെടുന്നവരും ആയ വണ്ണസമുദായത്തിന്റെ അവാന്തരവിഭാഗങ്ങളെ ഒരേ പട്ടികയിൽ ഉൾപ്പെടുത്തണമെന്നു ഞങ്ങൾ നെടുനാളായി അധികാരസ്ഥാനങ്ങളിലേക്ക് ഇടവിടാതെ അറിയിച്ചുകൊണ്ടിരിക്കുന്നതും ഒരു പുതുമയായി കരുതാവതല്ല. സകല സൽഗുണസമ്പൂർണ്ണനായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ അതിമഹത്തായ ക്ഷേത്രപ്രവേശന തിരുവെഴുത്തുവിളംബരംമൂലം അനുഗ്രഹീതരായിരിക്കുന്ന വഞ്ചിരാജ്യവാസികളായ ഹൈന്ദവജനതയുടെ ഇടയിൽ ഞങ്ങളുടെ ഈ സംരംഭം ഇന്ന് ആവശ്യവും ആദരണീയവും ആണെന്നു ഞങ്ങൾ വിശ്വസിച്ചുപോരുന്നു. ഞങ്ങൾ സവ്വപ്രധാനമായി കരുതുന്ന ഈ സംഗതി മുൻനിർത്തിക്കൊണ്ടു ചില അധികാരമുള്ള ഉദ്യോഗസ്ഥന്മാരെ സമീപിച്ചു നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ അവർ പറയുന്നതു് എവിടെനിന്നോ ആരുടെയൊ ചില മെമ്മോറിയലും കത്തുകളും മറ്റും ഇതിനു എതിരായിട്ടു കിട്ടിക്കൊണ്ടിരിക്കുന്നുവെന്നും അവരെക്കൂടി യോജിപ്പിച്ചു കൊണ്ടുവന്നാൽ കാര്യം സാധിക്കാമെന്നും ഒടിയാത്ത കമ്പിൽ പറിയാത്ത വള്ളി കെട്ടിയതുപോലെയുള്ള ഒരു കിറാമുട്ടിയാണു അവർ ഞങ്ങൾക്കു തരുന്ന മറുപടി.

സർ, ഇന്നു പരിഷ്കാരത്തിൽ അത്യുച്ചസ്ഥാനം പ്രാപിച്ചിട്ടുള്ള സമുദായങ്ങളിലും അവരുടെ സംഘടനകൾക്കെതിരായി ചില സ്വാത്ഥ

ലോലുപന്മാർ എതിർ പ്രവർത്തനം നടത്തുകയെന്നതും സാധാരണയാണ്. ഇപ്രകാരം സമുദായത്തോടു ഉത്തരവാദിത്വമില്ലാത്തവർ ചെയ്യുന്ന എതിർ പ്രവർത്തനം ഒരു പാവപ്പെട്ട സമുദായത്തിന്റെ പൊതുക്ഷേമത്തെ ഹനിക്കുന്നതിനുള്ള ആയുധങ്ങളായി അധികാരസ്ഥാനങ്ങളിൽ കരുതിയാൽ ഞങ്ങളെപ്പോലെയുള്ള സാധുസമുദായങ്ങൾ ധർമ്മസങ്കടത്തിൽപ്പെട്ടു ഉഴലുകയേ ഉള്ളൂ. അവയിൽ പ്രബലമാകുന്ന മററു ഹിന്ദുക്കളിൽ പൊങ്ങിയും മുങ്ങിയും നീന്തിയും വശായിരിക്കുന്ന ഞങ്ങളെ കരയണയ്ക്കുന്നതിനു അവിടത്തെ വാത്സല്യഹസ്തങ്ങൾ ഇല്ലാതെ സാധ്യമല്ലെന്നും ഞങ്ങൾക്കറിയാം. ഇതിനെക്കുറിച്ചു ഇത്രയും കാര്യങ്ങൾ മാത്രമെ അവിടത്തെ വിലയേറിയ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നുള്ളൂ.

ഇനി എനിക്കു പറവാനുള്ളതു് ഇവിടത്തെ പബ്ളിക്ക് സർവ്വീസിൽ മററു ഹിന്ദുക്കൾ അനുഭവിച്ചുപോരുന്ന അതിദയനീയമായ സ്ഥിതിഗതികളെക്കുറിച്ചാണു. ഏകദേശം ൩൰ ഓളം ന്യൂനപക്ഷഹിന്ദുസമുദായങ്ങൾ മററു ഹിന്ദു എന്ന വിഭാഗത്തിൽ പെട്ടിട്ടുണ്ടു്. ൧൱ നിയമനങ്ങൾ വരുമ്പോൾ മററു ഹിന്ദുക്കൾക്കു രണ്ടു ഉദ്യോഗമാണുള്ളതു്. അതുതന്നെയും ആർക്കുകിട്ടി എന്നു് അറിയുന്നതിനുപോലും നിവൃത്തിയില്ലാത്ത നിലയിലാണു് ഞങ്ങളുടെ അവസ്ഥ. ഇവിടത്തെ അവശസമുദായങ്ങൾ ബഹുമാനപ്പെട്ട ഗവർമെന്റു ചെയ്തുവരുന്ന യാതൊരാനുകൂല്യങ്ങളും സുഖമായി അനുഭവിപ്പാൻ സൗകര്യം ലഭിക്കാതെ ദുരിതമനുഭവിക്കയാണെന്നുള്ള വിവരം ഞാൻ പലപ്പോഴും ബഹുമാനപ്പെട്ട ഗവർമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണു്. മററു ഹിന്ദുക്കൾ എന്ന വിഭാഗത്തിൽ വിദ്യാഭ്യാസംകൊണ്ടും സംസ്കാരംകൊണ്ടും ധനസ്ഥിതികൊണ്ടും വളരെ മുന്നണിയിൽനിൽക്കുന്ന പല സമുദായങ്ങളും ഉണ്ടെന്നു പട്ടിക പരിശോധിച്ചാൽ അറിയാവുന്നതാണു്. പുലയർ, പറയർ, കുറവർ മുതലായ ഏതാനും സഹോദരസമുദായങ്ങൾ ഒഴിച്ചാൽ മററുള്ള എല്ലാ അവശസമുദായങ്ങളും മററു ഹിന്ദുവകുപ്പിലാണുൾപ്പെട്ടിരിക്കുന്നതു്. പബ്ളിക് സർവീസിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു ന്യായമായ പ്രാതിനിധ്യം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവർമെന്റു ദയാപൂർവം ഏർപ്പെടുത്തിയിരിക്കുന്ന പബ്ളിക് സർവീസ് ഡിപ്പാർട്ടുമെന്റുകൊണ്ടു് മുമ്പുതന്നെ പ്രാതിനിധ്യം ഇല്ലാതിരുന്ന സമുദായങ്ങളുടെ പ്രാതിനിധ്യക്കുറവു് ഇരട്ടിക്കുന്നതിനു മാത്രമേ സാധിച്ചിട്ടുള്ളുവെന്നു ഞങ്ങളുടെ അനുഭവം തന്നെ ഉത്തമോദാഹരണമാണു്. ഈ പരമാർത്ഥം ഞാൻ പലപ്പോഴും വെളിപ്പെടുത്തീട്ടുള്ളതാകുന്നു. അപ്പോഴപ്പോൾ

[Mr. K. R. Narayanan]

ളുണ്ടായിക്കൊണ്ടിരിക്കുന്ന പബ്ളിക സർവ്വീസ് റിക്രൂട്ടുമെൻറു വരുംഭേദഗതികളും ഞങ്ങൾക്കു ദോഷം ചെയ്യുന്നുണ്ടു. എനിക്കു ഇതുസംബന്ധിച്ചു ബഹുമാനപ്പെട്ട ഗവൺമെൻറിനെ വിനയപൂർവ്വം അറിയിക്കുവാനുള്ളതു മററു ഹിന്ദുവിഭാഗത്തിൽ ഇപ്പോൾ വച്ചിരിക്കുന്ന രണ്ടു ഉദ്യോഗമെങ്കിലും അതിൽപ്പെട്ട എല്ലാ വിഭാഗക്കാർക്കും ലഭിക്കത്തക്കവണ്ണം എന്തെങ്കിലും ഒരു തീരുമാനം ഗവൺമെൻറു ഉണ്ടാക്കണമെന്നുള്ളതാണ്. ഇതു ഒരു വിഷമമേറിയ പ്രശ്നമാണെന്നു എനിക്കറിയാം. മററു ഹിന്ദുക്കൾക്കു ഇപ്പോൾ വച്ചിരിക്കുന്ന രണ്ടുദ്യോഗങ്ങൾ ഇതിൽപ്പെട്ട സ്വാധീന ശക്തിയും പ്രാബല്യവും ഉള്ള സമുദായങ്ങൾ തന്നെ കരസ്ഥമാക്കാത്തവിധം സ്കീം തയ്യാറാക്കുന്നതിനു ഈ സഭയിൽനിന്നുതന്നെ ഒരു കമ്മററിയെ അധികാരപ്പെടുത്തിയാലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട ഗവൺമെൻറു കരുണാപൂർവ്വം ആലോചിക്കുകയും എത്രയും വേഗത്തിൽ ഒരു പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടും ഈ ബഡ്ജററിനെ ഒന്നുകൂടി സ്വാഗതം ചെയ്തുകൊണ്ടും ഞാൻ തൽക്കാലം വിരമിക്കുന്നു.

MR K. G. KUNJUKRISHNA PILLAI (*Neyyattinkara cum Trivandrum*). Sir, we live to-day, inthe hour of the gravest peril to the whole of mankind, when a ruthless enemy expanding all his resources, and without any thought or care for all that civilization holds dear, is trampling under foot and bringing to ruin the efforts of centuries. Sir, we also, although living apart and distant from the scene and clash, are feeling the strain. The repercussions of that cataclysm are well seen in our budget. The Financial Secretary has described this budget as a war budget, thereby implying that our estimates of income to come may fall short of our expectations and all our estimates of expenditure may go far beyond anything that we may at present visualise. It is also seen, Sir, from the Financial Secretary's statement that we are hard hit particularly, in three directions, (1) the loss of customs revenue due to the shortage of freight, (2) the difficulty of getting or not getting at all sufficient machinery to put on proper basis the various industrial enterprises, and (3) the shortage of the necessary railway and other facilities for carrying things, particularly food from one part of the country to another. These are very grave matters, Sir, for a State like ours.

But let me begin by noting the most encouraging feature of the budget. The most notable feature of the budget Sir, is the statement that our revenues this year are expected to come to the peak point of Rs. 300·04 lakhs. That is a matter, Sir, on which we may congratu-

late ourselves. But there is a definite doubt in my mind on the matter. This peak point of Rs, 300·04 lakhs has been calculated in paragraph 7 of the Financial Secretary's speech thus: 'In the first ten months of this year, the income actually realised and brought to account amounts to Rs. 228·64 lakhs. Adding to this, the realisations of Rs. 72·71 lakhs in the last two months of the last year, the total comes to Rs. 301·35 lakhs.' These are the calculations made by the Financial Secretary. But Sir, there is another calculation which I would like to put before the House, and I ask the Financial Secretary to give an explanation for the difference in the figures. In the budget for the year the revenue anticipated is Rs. 280·73 lakhs. Then the Financial Secretary gives us the anticipated increase under certain heads. They are Rs. 7 lakhs under Customs Revenue, Rs. 5·3 lakhs under Forest Revenue, Rs. 2 lakhs under Taxes on Income, about Rs. 2 lakhs from South Indian Railways, Rs. 3·31 lakhs from 'Currency and Mint'. There is also in his estimates of this year an allround decrease of Rs. 5 lakhs, so that if you add to Rs. 280 lakhs which is expected the increases which are expected under Revenue, Forest and other things, amounting, in all to Rs. 20 lakhs, and deducting the loss expected, the total comes to about Rs. 295 lakhs. So, Sir, I request the Financial Secretary to give us an idea how the difference in figures arose.

PRESIDENT: Order, order. The Financial Secretary will kindly explain.

MR. A. LAKSHMINARAYANA AIYAR: We estimated the budget only for Rs. 11 lakhs. But we will be getting Rs. 18 lakhs in the next two months.

MR. K. G. KUNJUKRISHNA PILLAI: I am afraid Sir, that the Financial Secretary has not understood the position. I was speaking of the figures for the current year.

MR. A. LAKSHMINARAYANA AIYAR: In the emergency, we expected only Rs. 11 lakhs.

PRESIDENT: As a matter of fact, I may mention that this Rs. 301 lakhs is likely to be exceeded according to the realisations that we are making.

MR. K. G. KUNJUKRISHNA PILLAI: That may, no doubt be better, Sir. But what I was saying is this: how is it that in the estimated figures of Rs. 280 lakhs, adding the surplus expected under several heads and deducting the loss, the final figures do not come up to 301 lakhs. That is what I am asking the Financial Secretary to explain.

MR. A. LAKSHMINARAYANA AIYAR: The first calculation is based on actual, the second is a comparison between the original budget and the revised budget.

PRESIDENT: The honourable member will please speak.

MR. K. G. KUNJUKRISHNA PILLAI: Yes, Sir. So, that doubt having been solved, I may proceed to congratulate the Financial Secretary and ourselves on the fact that our actuals this year, *i. e.*, in 1117 may exceed even Rs. 3 crores.

[Mr. K. G. Kunjukrishna Pillai]

The budget is providing not only for the full normal activities of the State but also for additional public works, extension of agriculture, increase of public health centres and encouragement of the co-operative movement. Not only has the substantial allotment of Rs. 20·05 lakhs been made for the Electrical Schemes, including Rs. 10 lakhs for the dam at Kundale for the Pallivasal Hydro Electric Project, allotments have been made for all the water supply and drainage schemes on hand. The provision for efforts for the extension of foodcrops cultivation has a most vital significance to our country which is not food-sufficient and which under the war conditions is therefore most precariously placed. I hope that the lift irrigation scheme for enabling the single crop paddy lands to grow two crops annually and that the pumping scheme for helping the punja lands to grow more crops in a year will progress considerably during the coming year. The extension of the work of the Public Health Department and the support of the Central Co-operative Bank with a loan of Re 1 lakh will be generally welcomed.

It is natural that in our prosperity budget we should provide for a substantial war contribution which will complete our total of Rs. 15 lakhs. And probably we will even increase the allotment in the course of the year.

It is comforting to see that the budget provides for funds to be used when any unforseen distress comes upon us under the prevailing war conditions. Already Government have done something to relieve distress caused by the dislocation of the normal work of the people by the catastrophe of war and to help the refugees from enemy occupied countries. Much more yet remains to be done and I hope no expenditure of the amounts allotted for this purposes will be stinted and fair distribution to all affected will be made.

In the matter of Public Works, I hope some urgent small works such as the proposed Vely-Kadinamkulam Road and the unfinished portions from Thengapattanam to Colachel through coastal area will also be undertaken with the help of the lump sum allotted to the P. W. D.

While welcoming the re-organisation of the Forest Department to attain more efficiency I hope, as it is also the general desire of all people concerned with the activities of the Fisheries Department, that in the forth-coming year measures will be adopted to organise it as an independent Department and to mobilise for its work the staff most suited to it by natural inclination, aptitude, vested interests and special training.

Sir, in conclusion, it will by no means be an exaggeration to say that in just more than half a decade, you have guided our fair State from prosperity to prosperity and have brought it to the present high water-mark. And it is the sincere wish of all that your absence from the State necessitated by Imperial needs for your valuable services will be short and the hope that you will lead the State to still greater achievements on your return. Sir, in the name of the community, I have the honour to represent here, I wish you every success in your near office.

MR. PADIYARA JOSEPH KUNJU : സർ, അങ്ങ് തൽക്കാലമായിട്ടെങ്കിലും തിരുവിതാംക്കൂറിനോട് യാത്രപറയുവാൻ പോകുന്ന ഈ അവസരത്തിൽ അപ്രീതികരങ്ങളായ യാതൊന്നുംതന്നെ പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും എന്റെ കർത്തവ്യം ചിലതെല്ലാം പ്രസ്താവിക്കുന്നതിന് എന്നെ നിർബന്ധിതനാക്കുകതന്നെ ചെയ്യുന്നു. ഈയ്യാണ്ടത്തെ ബഡ്ജററ് വെറും പച്ചവെള്ളസമാനമാണെന്നു പറയുന്നതു് ക്ഷമിക്കണമെന്നാണ് എന്റെ ആദ്യമായ അപേക്ഷ. പച്ചവെള്ളത്തിന് നിറമില്ല; ഗുണമില്ല, മണമില്ല, യാതൊന്നുമില്ല. അതുപോലെ ഒന്നാണ് ഈയ്യാണ്ടത്തെ ബഡ്ജററ്.

മുന്നാണ്ടുകളിലെ ബഡ്ജററിനെ മുമ്പിൽ നിവർത്തുവച്ചുകൊണ്ട് അതിനെ മാതൃകയാക്കിക്കൊണ്ട് ചില സങ്കലനവ്യവകലനഗുണനഹരണക്രിയകൾ നടത്തി ഒരു ബഡ്ജററു രൂപവൽകരിക്കാൻ ഒരു പ്രയാസവുമില്ല. അതു് ആക്കും സാധിക്കുന്നതാണ്. അടുത്തയാണ്ടിൽ വേണമെങ്കിൽ അക്കൌണ്ടാഫീസിലെ ഒരു ക്ലാർക്കിനെക്കൊണ്ട് ഈ ജോലി ചെയ്യിച്ചുതരാമെന്ന് ഞാൻ ഉറപ്പുപറയുന്നു. ഇതിനായി മദ്രാസിൽനിന്നോ, തഞ്ചാവൂരിൽനിന്നോ, ബീഹാറിൽനിന്നോ ആരെയും വരുത്തേണ്ട ആവശ്യമില്ല. കാര്യങ്ങളെല്ലാം സഫലീകൃതമാകണമെങ്കിൽ അതു നമുക്ക് അനുഭവപ്പെടണം. സചിവോത്തമനായ അങ്ങയുടെ ഉദ്ദേശം അറിഞ്ഞു പ്രവൃത്തിക്കുന്നതിന് — ഉത്തരവാദിത്വത്തോടുകൂടി പ്രവൃത്തിക്കുന്നതിനു — വേണ്ട കീഴ് ഉദ്യോഗസ്ഥന്മാർ ഇവിടെ ഉണ്ടായിരിക്കണം. നിർഭാഗ്യവശാൽ അത്തരക്കാർ ഇവിടെ അധികമില്ലെന്ന് സന്താപസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

[Mr. Padiyara Joseph Kunju.]

സർ, ഈ ബഡ്ജററിനെ ഇവിടെ പലരും കീർത്തിക്കുകയുണ്ടായി. ഞാൻ ഒരു സുറിയാനി കത്തോലിക്കനാണെന്ന് അങ്ങേക്കുതന്നെ അറിയാം. ഞങ്ങളും എന്തെങ്കിലും പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ "ശുദ്ധമാന സ്ലീബായുടെ അടയാളത്താലെ" എന്നുള്ള മുഖവുരയോടുകൂടിയാണ് ആരംഭിക്കുന്നത്. അതുപോലെ "ഞാൻ ഫൈനാൻഷ്യൽ സെക്രട്ടറിയെ അഭിനന്ദിക്കുന്നു." എന്ന് പറഞ്ഞാണ് ഈ സഭയിലെ എല്ലാ മെമ്പറന്മാരും പ്രസംഗം ആരംഭിച്ചത്. എന്തൊരഭിനന്ദനമാണ് അദ്ദേഹം അർഹിക്കുന്നതെന്ന് എനിക്കു നിശ്ചയമില്ല.

സർ, ഞാൻ പറയുന്നത് ഇതെല്ലാം അങ്ങയുടെ മാഹാത്മ്യംകൊണ്ടാണെന്നാണ്. എന്നെ പിടിച്ചു ഫൈനാൻഷ്യൽ സെക്രട്ടറിസ്ഥാനത്ത് വയ്ക്കുക. അടുത്ത കൊല്ലത്തിൽ ഇതിൽ കൂടുതൽ മിച്ചം കാണിക്കാം.

MR. T. C. KESAVA PILLAY : മെമ്പർ എതുവരെ പഠിച്ചിട്ടുണ്ട്?

MR. PADIYARA JOSEPH KUNJU : പഠിച്ചിടത്തോളം.

... ...

MR. PADIYARA JOSEPH KUNJU : സർ, മുമ്പുപ്രസ്താവിച്ചതുപോലെ ഇവിടെ ഇന്നുകാണുന്ന നന്മയെല്ലാം അങ്ങയുടെ കുശാഗ്രീയബുദ്ധികൊണ്ട്, അങ്ങയുടെ കർമ്മകുശലതകൊണ്ട്, ഉണ്ടായിട്ടുള്ളതാണ്. അങ്ങയുടെകീഴിൽ പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നുവെങ്കിൽ, തിരുവിതാംകൂർ ഇന്ന് സുരലോകസദൃശമായിരിക്കുമായിരുന്നു. ഓരോ ആണ്ടിലും ഓരോ ഫിനാൻഷ്യൽ സെക്രട്ടറിമാരും ഡിപ്പാർട്ടുമെൻറു മേധാവികളും വന്ന്, അടുത്തയാണ്ടിലാണ് ഈയുള്ളാണ്ടത്തെക്കാൾ വെടിയും പുകയുമെന്നുപറഞ്ഞു ഞങ്ങളെ വ്യാമോഹിപ്പിക്കാറുണ്ട്. പിറേറയാണ്ടിൽ അവരെ ഒരിക്കലും കണ്ടിട്ടുമില്ല പിറെറ ആണ്ടിൽ അതൊന്നും ഞങ്ങൾക്ക് പ്രവൃത്തിപഥത്തിൽ വരുന്നില്ല, അനുഭവപ്പെടുന്നുമില്ല. ഇതൊന്നും തന്നെ ഇപ്പോൾ വിസ്തരിച്ച് പ്രസ്താവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് അനുവദിക്കുകയാണെങ്കിൽ അതെല്ലാം പ്രസ്താവിക്കാൻ ഞാൻ തയ്യാറാണ്.

സർ, ഫിനാൻഷ്യൽ സെക്രട്ടറിയുടെ മുറിക്കോ, അദ്ദേഹം ഇരിക്കുന്ന കസാലക്കോ, അദ്ദേഹം ഉപയോഗിക്കുന്ന മേശയ്ക്കോ തച്ചുശാസ്ത്രസംബന്ധമായ എന്തോ കുഴപ്പമുണ്ടെന്നാണ് എന്റെ അഭിപ്രായം. അ

തിന കാരണം മറെറാന്നമല്ല. ഇപ്പോഴത്തെ ഈ നിയമസഭ ൧൧൧൨, മേടത്തിലാണ് തുടങ്ങിയത്. ൧൧൧൨, ൧൧൧൩, ൧൧൧൪, ൧൧൧൫, ൧൧൧൬, ൧൧൧൭ ഇങ്ങനെ ആറാണ്ടുകഠം ഇവിടെ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത് ആറ ആളുകളാണ്. ഒരാളിന പോലും രണ്ടു പ്രാവശ്യം ബഡ്ജററ് അവതരിപ്പിക്കാൻ ഇടയായിട്ടില്ല. അതായത് മെ: രങ്കസ്വാമിഅയ്യർ, ചെറിയാൻ, വാട്ട്സ്, ഗോവിന്ദപ്പിള്ള, സുന്ദരരാജൻ, ലക്ഷ്മിനാരായണയ്യർ ഇങ്ങനെ ആറുപേരാണ്. ഇതുകൊണ്ടുള്ള ഒരു വലിയ ദോഷം, കഴിഞ്ഞതയാണ്ടത്തെ ബഡ്ജററിൽ ഇങ്ങനെയല്ലേ പ്രസ്താവിച്ചിരുന്നത്, എന്തുകൊണ്ട് അത് പ്രവൃത്തിപഥത്തിൽ വന്നില്ല, എന്ന ചോദിക്കയാണെങ്കിൽ അത് ഞാനല്ല പ്രസ്താവിച്ചത് വേറൊരാളാണ് എന്ന പറഞ്ഞ് പുതിയ ആഠം ഒഴിഞ്ഞുകളയും. ആരും ഉത്തരവാദികളായിത്തീരുന്നില്ല. ഞാൻ ഈ സന്ദർഭത്തിൽ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിനെപ്പററി പ്രത്യേകമായി പ്രസ്താവിക്കണമെന്നോ, വിമർശിക്കണമെന്നോ ആഗ്രഹിക്കുന്നില്ല. ഓരോ ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള ധനാഭ്യർത്ഥനകഠം വരുമ്പോഠം അവ പ്രസ്താവിച്ചുകൊള്ളാമെന്ന വിചാരിച്ച് ഇപ്പോഠം വിരമിക്കുകയാണ് ചെയ്യുന്നത്.

സർ, ഇത്രയുംകാലത്തെ പരിചയംകൊണ്ട് കുശാഗ്രബുദ്ധിയും, മഹാനും, പ്രശസ്തപണ്ഡിതനുമായ അങ്ങു തിരുവിതാംകൂറിലെ പല വ്യക്തികളേയും, ഡിപ്പാർട്ടുമെൻറു മേധാവികളേയും ശരിയായി തിരിച്ചറിഞ്ഞിരിക്കുമെന്നാണു എൻെറ വിശ്വാസം. കൊള്ളരുതാത്ത ഇവിടത്തെ ഡിപ്പാർട്ടുമെൻറുമേധാവികളെഠഎല്ലാംഅടിച്ചുകളഞ്ഞു ചാണകം തളിച്ചിട്ടേ അങ്ങു പോകാവൂ എന്ന് വിനീതമായ ഒരു അഭ്യർത്ഥന എനിക്കുണ്ടു: അങ്ങിനെയുള്ള കുറേപ്പേർ ഇവിടെയുണ്ട്. അവരെ അടിച്ചോടിച്ചിട്ട് തൽസ്ഥാനത്ത് നീതിനിഷ്ഠയും, കർത്തവ്യബോധവുമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. അല്ലെങ്കിൽ അങ്ങ് പോകരുതെന്നാണ് ഞങ്ങളുടെ അപേക്ഷ.

സർ, പിന്നെ എനിക്കു പറയുവാനുള്ളത് ഒരുപക്ഷേ അപ്രസക്തമായിരിക്കാം, സന്ദർഭോചിതമല്ലായിരിക്കാം. എങ്കിലും ആവേശംകൊണ്ട്, എൻെറ രാജ്യത്തിൻെറ രക്ഷയെ പരിഗണിച്ചുകൊണ്ട്, എനിക്കു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. അങ്ങേയ്ക്കു ബ്രിട്ടീഷ് ഗവണ്മെൻറിലുള്ള സ്വാധീനശക്തി എത്രത്തോളമുണ്ടെന്ന ഞങ്ങഠക്കറിയാം. ഞങ്ങളുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട്, അങ്ങ

[Mr. Padiyara Joseph Kunju.]

യുടെ സ്ഥാനത്തു അങ്ങയോടുകൂടി ആത്മാർത്ഥമായി വേലചെയ്തിട്ടുള്ള ആളുകളിൽ അങ്ങയുടെ ഇംഗിതമനുസരിച്ചു് പ്രവൎത്തിക്കുന്ന ആരെയെങ്കിലും, ഈ നാട്ടുകാരായ ആരെയെങ്കിലും വിവിധഡിപ്പാർട്ടുമെൻറുകളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആരെ എങ്കിലും അങ്ങയുടെ പിൻഗാമിയായി തൽക്കാലത്തേയ്ക്കു നിയമിക്കണമെന്നാണ് എന്റെ വിനീതമായ അപേക്ഷ.

ഈ ബഡ്ജററിനെ നിരൂപണംചെയ്യണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അതു് അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളുകയാണ് ചെയ്യുന്നതു്. എന്നാൽ ഇവിടത്തെ കീഴ്സിൽബന്ധികളുടെ കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. അവരെക്കൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. വെറും ശമ്പളം പററിക്കൊണ്ടിരിക്കുന്നു എന്നല്ലാതെ രാജ്യത്തിനു ഗുണകരമായ യാതൊരു പ്രവർത്തിയും അവർ ചെയ്യുന്നില്ല. ഞാൻ ഇപ്പറഞ്ഞതു് ഏററവും പരമാർത്ഥമായ ഒരു സംഗതിയാണെന്നു് തെളിയിച്ചു തരുന്നതിനുകൂടി തയ്യാറുണ്ടു്. സർ, ഞാൻ ഈയ്യിടെ കാഴ്ചബംഗ്ലാവു സന്ദർശിക്കുന്നതിന് ഇടയായി. അവിടെ ചെന്നപ്പോൾ നീർനാ അഥവാ കഴുനാ എന്നൊരു ജന്തുവിനെ കണ്ടു. ഇതെന്തൊരു ജന്തുവാണെന്നു് നോക്കാമെന്നു വിചാരിച്ചു് കിണററിലേക്കു നോക്കിയപ്പോൾ ആ കഴുനായ് വെള്ളത്തിലേക്കു ചാടും. തിരികെ കയറും, തിരിയെ വീണ്ടും ചാടി ചെളിയെല്ലാം കലക്കിമറിക്കും സന്ദർശകന്മാരെ ഗൌരവമായി ഒന്നു വീക്ഷിക്കും. വീണ്ടും ചാടി കരയ്ക്കു കയറും. ഇങ്ങനെ വലിയ ബഹളം കൂട്ടുന്നതായി കണ്ടു. ഇതുകണ്ടപ്പോൾ, പരമാർത്ഥത്തിൽ, തിരുവിതാംകൂറിലെ ചില ഡിപ്പാർട്ടുമെൻറുകളെപ്പററിയാണ് എനിക്ക് ഓർമ്മവന്നതു്. ഈ കഴുനായ്ക്കൾ ഇപ്രകാരം കിടന്നു തുടിക്കുന്നതുകൊണ്ടു് വെള്ളം കലക്കി ചെളിപ്രായമാക്കാം എന്നല്ലാതെ എന്തുവിശേഷമാണുള്ളതു? ഇതുപോലെ, നമ്മുടെ ചില ഉദ്യോഗസ്ഥന്മാർ ഇരിക്കുന്ന സ്ഥലങ്ങളിൽ ചെല്ലുമ്പോൾ ചില ഡഫേദാരന്മാർ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നതും പങ്കാകൾ കിടന്നാടുന്നതും മററും കാണുമ്പോൾ നമുക്കെല്ലാംതോന്നും എന്തോ ഈ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ മലകുത്തിമറിക്കുകയാണെന്നു്. എന്നാൽ അവിടെ ഒരു ഗുണമുള്ളകാര്യവും നടത്തുന്നില്ല. അവരുടെ പ്രവർത്തനങ്ങൾകൊണ്ടു് ആർക്കും ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. അവരുടെ വയറിനും അവരുടെ ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും വയറിനും മാത്രമായിരിക്കും അവരുടെ പ്രവർത്തനങ്ങൾ പ്രയോജകീഭവിക്കുന്നതു്.

സർ, പല കാൎയ്യങ്ങളെക്കുറിച്ചും എനിക്കു പ്രസ്താവിക്കുവാനുണ്ട്. എന്നാൽ സാഹചൎയ്യങ്ങൾ പ്രതികൂലമായിരിക്കുന്നതുകൊണ്ട് അവയെക്കുറിച്ചു യാതൊന്നും തന്നെ പ്രസ്താവിക്കാതെ ഞാൻ വിരമിക്കുന്നു.

MR. T. C. KESAVA PILLAI : സർ, ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ള ബഡ്ജററിനെപ്പററി അനേകം വിമർശനങ്ങൾ നടന്നിട്ടുള്ള നിലയ്ക്ക് അതിനെപ്പററി ഞാൻ എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നില്ല. ഒന്നു രണ്ടു കാൎയ്യങ്ങൾ മാത്രം പ്രസ്താവിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളാം. ഇവിടെ സർവ്വീസിലിരിക്കുന്ന ചെറിയ ഉദ്യോഗസ്ഥന്മാർ അവനവൻെറ സ്വദേശത്തിനടുത്ത് ഭാൎയ്യയേയും കുട്ടികളേയും ഇടയ്ക്കിടയ്ക്കെങ്കിലും കാണാമല്ലോ എന്നുള്ള സൌകൎയ്യത്തെ ഓർത്ത് ഒരു സ്ഥലംമാററത്തിനായി എത്രമേൽ ശുപാർശ ചെയ്യുന്നു, എത്ര സാഹസപ്പെടുന്നു എന്നുള്ളതു് നമുക്കെല്ലാപേൎക്കും അറിയാം. അങ്ങനെയിരിക്കെ സ്വന്തനാടും വീടും ഭാൎയ്യയും കുഞ്ഞുങ്ങളും എല്ലാം ഉപേക്ഷിച്ച് കടലിനപ്പുറത്തുപോലും പോയി ആയിരക്കണക്കിനു ഇവിടെനിന്നും ആളുകൾ യുദ്ധസേവനത്തിനായി തയാറാകുന്നതു എന്തുകൊണ്ടാണ്? സകല സുഖങ്ങളും ഉപേക്ഷിച്ചു മരിക്കാൻപോലും തയാറായിട്ടാണു ഇവർ പോയിരിക്കുന്നതു്. അവൎക്ക് ആഹാരം ലഭിക്കാഞ്ഞിട്ടാണോ? അവൎക്കു പ്രത്യേകിച്ചുപേരുകിട്ടും എന്നു വിചാരിച്ചാണോ? ഒന്നുമല്ല. അവർ, തിരുവിതാംകൂർ മഹാരാജാവു്, ബ്രിട്ടിഷ് കോയ്മയോടും ലോകത്തുള്ള മററു ശക്തികളോടും ചെയ്തിട്ടുള്ള വാഗ്ദാനത്തെ നിറവേററാൻ വേണ്ടി മാത്രം ഇപ്രകാരം പുറരാജ്യങ്ങളിൽ യുദ്ധസേവനത്തിനായി ഇറങ്ങി തിരിച്ചിട്ടുള്ളതാണ്. ഇങ്ങനെ ഇറങ്ങിത്തിരിക്കുവാൻ അവൎക്കു ധൈൎയ്യം കൊടുത്തും അവരുടെ രക്ഷാകവചമായി ഇപ്പോഴും നിലകൊള്ളുന്നതും സർ. സചിവോത്തമൻ എന്ന ഒരാൾ മാത്രമാണ്. ഇപ്രകാരമുള്ള സചിവോത്തമൻ ഉത്തരഇന്ത്യയിലേക്കു പോകുന്നു. "If I succeed in that task, I shall have done my work and return content," എന്നു അദ്ദേഹംതന്നെ പറയുന്നുണ്ട്. ശ്രീമാൻ ടി. കെ. വേലുപ്പിള്ള അവർകൾ പറഞ്ഞതുപോലെ, താങ്കളുടെ ഈ പ്രയാണം തിരുവിതാംകൂർ രാജ്യസീമയെ ഗുണത്തിലും കാൎയ്യത്തിലും വിസ്തൃതമാക്കി ഇവിടെയുള്ള സന്താനങ്ങളെ ഇൻഡ്യൻ മഹാരാജ്യത്തിൻെറ അനുഗ്രഹങ്ങൾക്കുകൂടി അവകാശികളാക്കി തീൎക്കാൻ വേണ്ടിമാത്രം ആയിരിക്കണമെന്നാണു വിചാരിക്കേണ്ടതു്. അതു കൊണ്ടായിരിക്കണം ഞാൻ മുൻപറഞ്ഞ വാചകത്തി

[Mr. T. C. Kesava Pillai]

content എന്ന പദം അങ്ങുപയോഗിച്ചിരിക്കുന്നതു്. ഏതായാലും അങ്ങയുടെ ഗമനം ഭാവിയിൽ തിരുവിതാംകൂറിലെ ഭരണസാരഥ്യം ഇതിൽ കൂടുതൽ ശക്തിമത്തായും കൂടുതൽ അധികാരശക്തിയോടുകൂടിയും കയ്യേല്ക്കുവാൻ ഇടനല്കുന്ന ഒന്നായി തീരത്തക്കവിധം ഒരു മിനിസ്റ്ററായോ, അല്ലെങ്കിൽ ഒരു ഗവർണ്ണരായോ തിരിയെ ഞങ്ങളുടെ ഇടയിൽതന്നെ വരുവാൻ സർവ്വേശ്വരൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സർ, തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ കുടിക്കുവാൻ വെള്ളം കിട്ടാതെ വിഷമിച്ചിരുന്ന ഒരു ഘട്ടത്തിൽ അങ്ങയുടെ സാന്നിദ്ധ്യം അവിടെയുണ്ടാവുകയും, "ഞാൻ ശ്രീരാമനാണെന്നു" ആലങ്കാരികമായി അങ്ങേയ്ക്കു പറയാൻ കഴിയത്തക്കവണ്ണം അരമണിക്കൂറിനകം മഴ പെയ്യുകയും ചെയ്തു. ഇതു് അങ്ങയുടെ ആത്മാർത്ഥതയിലും ആശയശുദ്ധിയിലും അത്യന്തം വിശ്വാസമുള്ള ജനങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥനയുടെ ഫലം കൊണ്ടാണു സംഭവിച്ചിട്ടുള്ളതു്. തെക്കൻ തിരുവിതാംകൂർകാരുടെ പ്രധാനമായ സങ്കടം ഒന്നു മാത്രമാണു്. കുടിക്കുവാനും കൃഷിയുടെ ഉപയോഗത്തിനും അവിടെ വെള്ളം കിട്ടുന്നില്ല. നെടുമങ്ങാട്ടുള്ള അരുവിയിൽ ഒരു അണകെട്ടി തിരുവനന്തപുരത്തു കൊണ്ടുവരാമെങ്കിൽ കരമനയാററിലോ, വെള്ളമുള്ള മറേറതെങ്കിലും നദികളിലോ ഒരണകെട്ടി തോവാളമുതൽ ചിറയിൻകീഴുവരെ ഉള്ള താലൂക്കുകളിലുള്ള ജനങ്ങൾക്കെല്ലാം വെള്ളം കൊടുക്കുന്നതിനു് സാധിക്കും. ഒരു അണയിൽ കെട്ടിനിറുത്തുന്ന വെള്ളം അടുത്തുള്ള നദിയിലേക്കും അവിടെനിന്നും അതിനടുത്ത നദികളിലേക്കും വ്യാപിപ്പിച്ചാൽ മാത്രം മതി. അരുവിക്കരയിൽ ജപ്പാൻകാർ വന്നു കാളറയുടെ ബീജം കലക്കുകയാണെങ്കിൽ തിരുവനന്തപുരത്തുള്ളവക്കു് കുടിക്കാൻ വെള്ളമില്ലാതെ വിഷമിക്കേണ്ടി വരുമല്ലോ? ആ സമയത്തു ഇത്തരം കരുതലുകൾ അത്യന്തം ഉപകരിക്കുന്നതുമാണു്. സർ, അങ്ങുതന്നെ തൃപ്പരപ്പു് എന്ന സ്ഥലത്തു് വന്നു അവിടുത്തെ ജലദൌർലഭ്യം കണ്ടപ്പോൾ വേണ്ട പരിഹാരം ഉണ്ടാക്കാം എന്നു പറയുകയുണ്ടായി. ഗവണ്മെൻറിനു് ഇപ്പോൾ മിച്ചം വരുന്ന ഒരു ബഡ്ജററാണെന്നുള്ളതു്. "എന്തെങ്കിലും ചെയ്തുതരാ"മെന്നും അങ്ങു പറഞ്ഞു. എന്നാണു് ഇനി അതു സാധിക്കുന്നതു്? അവിടെയുള്ള കുളംവെട്ടി വെള്ളത്തിനു് പരിഹാരം ഉണ്ടാക്കാമെന്നു വിചാരിച്ചിരിക്കുന്നതു ഒരിക്കലും പര്യാപ്തമാവുകയില്ല.

ഞാൻ മുമ്പെ പറഞ്ഞ തരത്തിൽ ഏതാനും ജലനിർഗ്ഗമനമാർഗ്ഗങ്ങൾ തുറക്കുകയാണു വേണ്ടതു്. പൊന്നുംവിലയും കൊടുക്കാതെ

തന്നെ അതിന്ന വേണ്ടി സ്ഥലം കൊടുക്കാൻ ആളുകൾ തയ്യാറുണ്ട്. ഒന്ന പകുതി തുകക്ക ഇതിലേക്ക കൺട്രാക്ററ് പിടിക്കാനുള്ള ആളുകളെ ഞാൻ തരാം. അതുകൊണ്ട് ഇക്കാര്യം ഗവണ്മെൻറ് ഊർജ്ജിതമായി അന്വേഷിക്കുമെന്ന വിശ്വസിക്കുന്നു.

സർ, മണ്ണെണ്ണക്കും മററും വലിയ ക്ഷാമം നേരിട്ടിരിക്കുന്ന ഈ ഘട്ടത്തിൽ എള്ള്, ആവണക്ക്, മറെറണ്ണക്കുരുക്കൾ മുതലായവ വനത്തിൽ നിന്നും കഴിയുന്നിടത്തോളം ശേഖരിക്കുവാൻ ഫാറസ്റ്റ് കൺസർവേററരെ ഏർപ്പാടുചെയ്യണമെന്നപേക്ഷിക്കുന്നു.

അരിയുടെ ക്ഷാമത്തെ നികത്തുവാൻ കൂടുതൽ ഇലവർഗ്ഗങ്ങളും സസ്യവർഗ്ഗങ്ങളും ഉപയോഗിക്കുവാൻ ജനങ്ങളെ ഉൽബോധിപ്പിക്കണം എന്നാണ് എനിക്ക് അടുത്തതായി പറയാനുള്ളത്. മുരിങ്ങയില അരിയേക്കാൾ പോഷകാംശമുള്ളതും അരിയെപ്പോലെതന്നെ ആഹാരസാധനമാക്കാവുന്നതുമായ ഒന്നാണ്. അതുപോലെ ആഹാരസാധനമാക്കാൻ കഴിയുന്ന മററിലകളും പുല്ലുകളും ഉണ്ടു. ഇതിലേതെല്ലാം കൊള്ളാമെന്നുള്ളതിനെപ്പററി വിദഗ്ദ്ധന്മാരെവച്ചു പരിശോധിച്ചു വിവരം ജനങ്ങളെ അറിയിക്കണം. പരിപ്പ്, സാമ്പാറ്, പുളിശ്ശേരി, രസം തുടങ്ങിയ ആഹാരരീതി മാററി വെജിററബിൾസ്ററൂ, കീര അവിച്ചത്, മററു ഇലക്കറികൾ ഇവയൊക്കെ ഉപയോഗിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കണം.

നമുക്കിപ്പോൾ ധാരാളം കാസ്റ്റിക്സോഡായുടെ ആവശ്യമുണ്ടല്ലോ. ഇൻഡസ്ട്രിയൽ റിസർച്ചുകാർ വേണ്ട ഗവേഷണം നടത്തിയാൽ ഉപ്പിൽനിന്നും നമുക്കാവശ്യമുള്ള കാസ്റ്റിക്സോഡ ഇവിടെത്തന്നെ ഉണ്ടാക്കാൻ കഴിയും. അതിലേക്ക ഉടനടി വേണ്ട ഏർപ്പാടുചെയ്യണം. ചിങ്കോനയെപ്പററി ഇവിടെ ചില മെമ്പറന്മാർ പറഞ്ഞു. കോതയാർ പ്രദേശങ്ങളിൽ ധാരാളം ചിങ്കോനാ ഉണ്ട്. നമ്മുടെ ഹെൽത്തു ഡയറക്ടർ ചിങ്കോനായിട്ടു കഷായം വച്ചു കൊടുത്താൽ പനിക്ക നല്ലതാണെന്ന എന്നോടു ഒരിക്കൽ പറയുകയുണ്ടായി. പേച്ചിപ്പാറയ്ക്കടുത്ത സ്ഥലത്തു ഏകദേശം പത്തറുന്നൂർ ഏക്കർ സ്ഥലം മുഴുവനും ചിങ്കോനാ പടർന്നുപിടിച്ചു കിടക്കുന്നുണ്ട്. വേണമെങ്കിൽ ഞാൻ കൂടി അവിടെ ചെന്ന് അതു ശേഖരിച്ചു കൊടുക്കുന്നതിൽ സഹായിക്കാം. ആ സ്ഥലം മുഴുവനും എനിക്ക പതിച്ചു തന്നാലും തരക്കേടില്ല. മറെറാരു കാര്യം എനിക്ക പറയാനുള്ളത് ട്രാൻസ്പോർട്ടിലെ ബി. എ. കൺഡക്ടറന്മാരെപ്പററി

[Mr. T. C. Kesava Pillai]

യാണ്. ബി. എ. പാസ്സായ മിടുക്കന്മാരാണ്, അവർ അതുകൊണ്ട് പബ്ലിക്ക്സർവ്വീസ് റിക്രൂട്ടുമെൻറു വരുമ്പോൾ അവരെക്കൂടി പരിഗണിക്കണമെന്നപേക്ഷിക്കുന്നു.

നെയ്യാററിൻകര ഏകദേശം ൫൮൦൦൦ ഏക്കർ വിസ്തീർണ്ണം വരുന്ന സ്ഥലം ഉണ്ട്. ഏക്കറൊന്നിനു മൂന്നു രൂപാവച്ചു പതിച്ചു കൊടുക്കുവാൻ പോകുന്നതായി അറിയുന്നു. ഇപ്പോൾ മരിച്ചീനി കൃഷി ചെയ്യുന്നതിനും മററുമായി സ്ഥലമില്ലാതെ ജനങ്ങൾ വിഷമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ബ്ലോക്കുകളായി പതിച്ചു കൊടുക്കണമെന്നപേക്ഷിക്കുന്നു.

മറെറാരുകാര്യം വളത്തെപ്പററിയാണ്. ഉപ്പു, സമുദ്രതീരത്തിൽ നിന്നും ലഭിക്കുന്ന മത്സ്യപ്പൊടി മുതലായവ ഓരോ താലൂക്കിലും എത്തിച്ചു കൊടുക്കണം. അല്ലാതെ വിദേശത്തു നിന്നും ഉരം കൊണ്ടുവരുവാൻ നിവർത്തിയില്ല. അതുകൊണ്ടു താലൂക്കിലെ അപേക്ഷകന്മാൎക്കു ഈ ഉരം വിതരണം ചെയ്യേണ്ടതാണ്.

ബഡ്ജററിനെപ്പററി ഞാൻ വിശേഷിച്ചൊന്നും പറയുന്നില്ല. എന്നാൽ ഇത്ര നല്ല ഭാഷയിൽ മറെറാരു ബഡ്ജററു് പ്രസംഗം ഞാൻ കണ്ടിട്ടില്ല. പരസ്പരസഹായസംഘത്തിൻെറ കടത്തെപ്പററി പറയുമ്പോൾ frozen debt എന്നു പറഞ്ഞിരിക്കുന്നു. "ഉറഞ്ഞ കടം" ഇതിൽ കൂടുതൽ ഭംഗിയാക്കേണ്ടതെങ്ങനെയാണ്?

MR. D. C. JOSEPH: Sir, the Budget for the year 1118 M. E. dated 17-7-1942 is a war Budget. The war of agression faces us very deeply Rs. 3 crores of revenue is an achievement : it is simply magical. How is it possible in the midst of stress and strain, in the midst of crippling of our sea-borne trade, in the midst of the inflow of thousands of evacuees, in the midst of turbulant forces, in the midst of threatening influences caused by the loss of the Gateway to India and that of moving fortresses of the world and in the midst of the fall of Java, Malaya and Burmah-the rice and oil supply stores of Travancore and it is quite a marvellous one. To me as one coming from a place adjoining the Lands—end of India ie Cape Comorin and to me as a commentator intimately witnessing the voluptuous kissing grip of the three seas-the Bay of Bengal, the Indian Ocean and the Arabian sea ever since the attack of the enemy in Trincomalee, the events were giving me room for anxiety as Travancore had Mr Parameswaran's scanty A. R. P. literature and Mr. Karim's not inefficient but insufficient Armed Reserve. But the Dewan President's speech—a speech pregnant with splendid ideas, lofty ideals and proper ways and means for the uplift and betterment of the State ruled by a noble Sovereign, young in years and advanced in wisdom, a speech which covered the untiring energy and intelligent resourcefulness of the stenographers for an hour and a half, emboldened me to trust and believe that there is a mighty A. R.P.

in the State—an **A. R. P.** which is better than or equal to a R. A. F. in Britain, a luftwaffe in Germany, a Laval in France, a Rommel in Italy or a Soviet Army in Russia. Our wonderful A. R. P. is requisitioned incessantly from eminent quarters—our A. R. P.—"Anandapadmanabha's Reservoir of Power" is none other than Sir C. P. Ramaswamy Aiyar whose greatness and capacity is recognised not only in the Indian political arena but are known throughout the world. With the guidance of such an eminent statesman, a prosperity Budget is framed by the Financial Secretary. Our felicitations are therefore due to the Financial Secretary for the lucid manner in which explanations are offered for the rise and fall of income and expenditure sounding caution wherever necessary and making liberal provisions wherever indispensable. Sir, I do not mean to enter into details as the various questions were already very ably handled by my fellow-members. I wish to touch upon one or two important matters. Rs. 3 crores are an eye-sore to outsiders. Power comes from Pallivasal and the dead industries are likely to revive. The Aluminium Factory, the Porcelain Factory, the Glass Factory and the Plywood Factory are accomplished factors entirely due to the earnest endeavours of the Dewan. It is a matter for congratulation that the Dewan is an ardent supporter of the people in distress. The war has affected the low-paid subordinate officers. A liberal sum of Rs. 2 lakhs has been provided for the sufferers drawing a salary less than Rs. 15. Further one noteworthy feature in the present administration is the sympathetic consideration shown to the poor. To alleviate their suffering, District Medical Officers are to be sent for the supply of effective medical aid to the rural parts. The Dewan has no idea of over burdening the tax-payers with new taxes but wants to remove the people's wants without going in for any additional taxation. With this object in view, the Financial Secretary has proposed to increase the duty on rubber which has a better prospect as a result of the war. Thus the Budget is a valuable record of prosperity. The Dewan has done all possible help to a sufficient supply of rice. Kerosene oil difficulty is brought under effective control. My two suggestions are: (1) to avoid night study. I propose the change of school hours to 8 in the morning and, (2) to increase the production of paddy. All available vacant lands should be ascertained immediately and registered giving special instructions to the Tahsildar to be on the alert in future. I have to mention that certain revenue officers do not carry out the orders of Government properly. A certain man applied for a few acres in the Thovalay Taluk for tapioca and paddy cultivation. The Tahsildar rejected the applications as channel poramboke and land reserved for backward communities. Sir, this attitude is opposed to the good intentions of the Government.

Sir, your parting is painful but it is for a nobler purpose. Your winning manners, loving kindness, ever smiling attitude, unerring judgment, impartial treatment of all irrespective of caste or creed have strengthened the affinity of this House towards you. Let the Almighty make your mission a signal success, grant you good health and enable

[Mr. D. C. Joseph]

you to resume your work in our midst as soon as possible. I should conclude my speech with the following quotation from the Financial Secretary's speech :

> "Let me conclude with the sincere hope and prayer that the State of Travancore blessed with a Maha Raja, young in years but old in wisdom, and wholly devoted to the interests of his subjects may grow from strength to strength. May I also take this occasion to express my indebtedness to the Dewan, a Minister of tried experience and versatality, a stranger to the country by birth and nationality, but more than a Travancorean ! [illegible] and sympathies."

This House is indebted to our mighty A. R. P. for the peace and contentment here.

MR. K. P. KOCHUKORA THARAKAN : സർ, ഈ കഴിഞ്ഞ മീനമാസത്തിൽ നടന്ന അസംബ്ലിയിൽ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു സമാജികൻ ഒരു അടിയന്തിരപ്രമേയം ഹാജരാക്കുകയും പല സാമാജികന്മാരും അതിന്റെ ആവശ്യകത ഗവൺമെന്റിനെ ധരിപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റിന് അതിന്റെ ആവശ്യം ഇപ്പോൾ ഏതാണ്ട് ബോദ്ധ്യമായിട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല.. പക്ഷെ ഈ സംഗതിയിൽ ഗവൺമെന്റ് സ്പീഡ് വളരെ കുറഞ്ഞുപോയി. ഈ പരിതസ്ഥിതിയിൽ രാജ്യത്തിനു വെളിയിൽനിന്നും നെല്ലും അരിയും വരുത്തുന്നതിനു വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ തീവണ്ടിയുടെ ഗതാഗതമാർഗ്ഗത്തിന് എന്തെങ്കിലും തകരാറ് നേരിട്ടാൽ നമ്മുടെ കാര്യം കുഴപ്പത്തിലുമാകും. ഇന്നത്തെ പ്രശ്നം പുറത്തുനിന്നും വരുത്തുന്ന അരിയും നെല്ലും നമ്മുടെ ആവശ്യത്തിനു മതിയാകുമോ എന്നുള്ളതാണ്. അതു നമ്മുടെ ആവശ്യത്തിനു തികയുകയുമില്ലെന്നു ഈ സഭയുടെ പ്രസിഡണ്ട് തന്നെ അദ്ദേഹത്തിന്റെ സ്പീച്ചിൽ പറഞ്ഞുകഴിഞ്ഞു. അതിനെ പരിഹരിക്കാൻ ഗവൺമെന്റിൽ നിന്നും പതിച്ചുകൊടുത്തിട്ടുള്ളതായ ഭൂമികൾ മുഴുവനും കൃഷിചെയ്യാൻ നിഷ്കർഷിക്കണം. കൂടാതെ തരിശുനിലങ്ങൾ പുറംപോക്കു ഭൂമികൾ മുതലായവ കൃഷിക്കാർക്ക് ലീസിനായി കൊടുത്ത് കൃഷിചെയ്വാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. പുറംപോക്കുസ്ഥലങ്ങളായാലും ശരി, മററു കൃഷിചെയ്യാവുന്ന ഏതു സ്ഥലങ്ങളായാലും ശരി ഭക്ഷണസാധനങ്ങൾ കൃഷിചെയ്യുന്നതിനായി പൊതുജനങ്ങൾക്ക് വിട്ടുകൊടുത്തു ഭക്ഷണസാധനോൽപ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്നാണ എന്റെ അഭിപ്രായം. റിസർവുവനങ്ങളിൽ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ ധാരാളമുണ്ടെന്നാണ് എന്റെ അറിവ്. അവ കൃഷിക്കായി വിട്ടുകൊടുക്കണം. കൂടാതെ ഇപ്രകാരം കൃഷിചെയ്യുന്നതിനാവശ്യമായ വിത്തും ഉരവും ആവശ്യമു

ണ്ടെങ്കിൽ പണവും കടമായി ഗവണ്മെൻറിൽ നിന്നും കർഷകന്മാൎക്ക് കൊടുത്തു് ഈ മാതിരി സ്ഥലങ്ങളിൽ കൃഷിചെയ്യിപ്പിക്കണം. നമുക്ക് ആവശ്യമായ ഭക്ഷണസാധനം മുഴുവനും തിരുവിതാംകൂറിൽ നിന്നും തന്നെ നിവ്വഹിക്കത്തക്ക ഒരു പരിതസ്ഥിതിയിൽ നാം എത്തിച്ചേൎന്നില്ലെങ്കിൽ നാം അടുത്ത ഭാവിയിൽതന്നെ വിഷമിക്കേണ്ടതായിവരുമെന്നുള്ള കാൎയ്യം ഈ സഭ പലസന്ദർഭങ്ങളിലും ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതാണു. തിരുവിതാംകൂർ കർഷകന്മാരുടെ പ്രവൎത്തനങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതു തീരെ ആശാസ്യമായിട്ടല്ല കാണുന്നതു്. ഗവണ്മെൻറിൽനിന്നും പരസ്യംചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ്കൾകൊണ്ടു കാണുന്നതു ൧൧൧൩-ൽ ഈ രാജ്യത്തു് ൬ൻ൧൨൧൫ ഏക്കർ സ്ഥലം നെല്ലു കൃഷിചെയ്തിട്ടുള്ളതായി കാണുന്നു. ൧൧൪-ൽ ൬൫൬൨൯൬ ഏക്കർ സ്ഥലവും ൧൧൫-ൽ ൬൪൯൫൧ ഏക്കർ സ്ഥലവും ൧൧൬-ൽ ൬൨൯൨൦൬ ഏക്കർ സ്ഥലവുമാണ് കൃഷിചെയ്തിട്ടുള്ളതായി കണക്കുകൾകൊണ്ടു് കാണുന്നതു്. ഈ കണക്കുകളിൽ നിന്നും ആണ്ടുതോറും പതിനായിരം ഏക്കറോളം സ്ഥലം വീതം നെൽകൃഷികുറഞ്ഞു് കുറഞ്ഞു് വരുന്നതായിട്ടാണു കാണുന്നതു്. ഈ കുറവു് നെൽകൃഷിചെയ്തുവന്ന നിലങ്ങളെ നികത്തി തെങ്ങ് കമുകു മുതലായവ വയ്ക്കുന്നതിന് ഉപയോഗിച്ചതുനിമിത്തമാണ് ഉണ്ടായിട്ടുള്ളതു്. ഈ പരിതസ്ഥിതിയിൽ അതു തുടൎന്നുകൊണ്ടു് പോകുന്നതു് നല്ലതല്ലെന്നു മാത്രമല്ല ആപൽകരമാണെന്നുകൂടെ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. ഗവണ്മെൻറിൽനിന്നും കൃഷിക്ക് വേണ്ട ഇറിഗേഷൻ സൗകൎയ്യങ്ങൾ ചെയ്തുകൊടുക്കണം. ഇറിഗേഷൻ ഡിവിഷൻ നിറുത്തൽ ചെയ്തതു് വളരെ അബദ്ധമാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു നിറുത്തൽ ചെയ്തതിനുശേഷം മുമ്പു ചെയ്തിരുന്നതിൻെറ ൧൫ ശതമാനം ഇറിഗേഷൻജോലിയെ നടക്കുന്നുള്ളു എന്നു ഇറിഗേഷൻ സംബന്ധിച്ച് നല്ല പരിജ്ഞാനമുള്ള ചീഫ് എൻജിനീയർ പ്രസ്താവിച്ചു കാണുന്നതു് ശരിയല്ലെന്നാണു എൻെറ അഭിപ്രായം. ഇപ്പോഴത്തെ ചീഫ് എൻജിനീയർ ഇറിഗേഷനെസംബന്ധിച്ച് സാമാന്യ പരിജ്ഞാനമുള്ള ഒരാളായതുകൊണ്ടാണു അദ്ദേഹം ഇത്ര കുറവെങ്കിലുമുണ്ടെന്നു പ്രസ്താവിച്ചതു്. ഈ പരിതസ്ഥിതിയിലെങ്കിലും താല്ക്കാലികമായിട്ടു് ഒരു പ്രത്യേകഇറിഗേഷൻ ഡിവിഷൻ സ്ഥാപിക്കുന്നതിനു ശ്രമിക്കണം. നാലഞ്ചുകൊല്ലം കഴിഞ്ഞു് ആഹാരസാധനം വെളിയിൽനിന്നും കിട്ടുന്നകാലത്തു അതു് ആവശ്യമില്ലെന്നു കാണുന്നപക്ഷം വേണ്ടെന്നു വയ്ക്കുകയും ചെയ്യാവുന്നതാണ്. ഇപ്രകാരം ഭക്ഷണസാധനോൽപ്പാദനത്തിനു ആവ

[Mr. K. P. Kochukora Tharakan.]

ശ്യമായ എല്ലാ മാറ്റങ്ങളും ഗവണ്മെന്റ് ഉടനടി കൈക്കൊള്ളണം. ഇറിഗേഷൻ ഡിവിഷൻ നിർത്തൽചെയ്തതിനുശേഷം കൃഷിക്ക് ആവശ്യമുള്ള ജലസേചന പ്രവൃത്തനങ്ങളിൽ ൫൦ ശതമാനമെങ്കിലും കുറഞ്ഞിട്ടുണ്ടെന്നു ഒരനുഭവസ്ഥനെന്നനിലയിൽ എനിക്ക് ധൈര്യമായി പറയുവാൻ കഴിയും. ഈവക കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അതു കഴിയുന്നത്ര വേഗത്തിൽ പരിഹരിക്കപ്പെട്ടുമെന്നും അതിനും പ്രയാസം നേരിടുന്നപക്ഷം അദ്ധ്യക്ഷനായ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണെങ്കിൽ താമസംവിനാ അതിനു പരിഹാരം നേടിത്തരുമെന്നുള്ള സംഗതി ഞങ്ങൾ സന്തോഷത്തോടുകൂടി സ്മരിക്കുകയും കൃതജ്ഞതയോടുകൂടി അങ്ങെ അറിയിയ്ക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ ഭക്ഷണസാധനത്തെസംബന്ധിച്ച പ്രശ്നം അങ്ങു നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾക്ക് ഈ ഭക്ഷണസാധനദൗർല്ലഭ്യം നേരിട്ടിരിക്കുന്ന സന്ദർഭത്തിലാണ് അങ്ങു തിരുവിതാംകൂറിനോട് തൽക്കാലത്തെയ്ക്കു എങ്കിലും യാത്രപറയുന്നതു്. അവിടുന്നു തിരുവിതാംകൂറിലെ ഭക്ഷണദൗർല്ലഭ്യപരിഹാരത്തിനു വേണ്ട എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കിയതിനുശേഷമേ അങ്ങു് തിരുവിതാംകൂർ വിട്ടു പോകാവൂ എന്നു് എനിക്കൊരു അപേക്ഷയുണ്ടു്. തിരുവിതാംകൂറിലെ വനങ്ങളിൽ അനേകലക്ഷം ഏക്കർ ഭൂമികൾ കൃഷിക്ക് ഉപയോഗപ്പെടാവുന്നതായി കിടപ്പുണ്ടു്. ഒരു അൻപതിനായിരം ഏക്കറോളം ചതുപ്പുനിലങ്ങളുമുണ്ടു്. ഈ ഭൂമി മുഴുവൻ തൽക്കാലം കൃഷിചെയ്യാൻ സാദ്ധ്യമല്ല. ഇപ്രകാരമുള്ള ഭൂമികൾ പലതും ജനസഞ്ചാരമുള്ള സ്ഥലങ്ങളിൽനിന്നും വളരെ ദൂരെയായിട്ടാണ് സ്ഥിതിചെയ്യുന്നതു്. ജനസഞ്ചാരമുള്ള സ്ഥലങ്ങൾക്കു സമീപം പത്തോ ഇരുപതിനായിരമോ ഏക്കറിൽ കൂടുതൽ കാണുകയില്ല. പെരിയാർ, പമ്പാനദി മുതലായ നദികളുടെ മുകൾഭാഗങ്ങളിലുള്ള പ്രദേശങ്ങളിൽ ശരിയായ ജലസേചനപദ്ധതി ഏർപ്പെടുത്തുകയാണെങ്കിൽ ആ സ്ഥലങ്ങളിൽ കൃഷിചെയ്യാവുന്നതാണ്. കുടികൾക്കു പതിവുള്ള സ്ഥലങ്ങൾ അവർകൊണ്ടു കൃഷിചെയ്യിയ്ക്കുകയും ഗവണ്മെൻറുവക പതിക്കാത്തഭൂമികൾ ഗവണ്മെൻറിൽ നിന്നും പതിച്ചുകൊടുക്കുകയും കൃഷിക്കുവേണ്ട ജലസേചന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം. കോതയാറണയിലെ വെള്ളത്തിനു് കരമീടാക്കുന്നതുപോലെ ഇതിനും കരം ഈടാക്കാവുന്നതും തന്നിമിത്തം ഗവണ്മെൻറിനു വരവു വളരെ വർദ്ധിക്കുകയും അതോടൊപ്പംതന്നെ ജനങ്ങൾക്കു് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ ഉൽപ്പാ

ദിപ്പിക്കുവാൻ സാധിക്കുകയും ചെയ്യും. ഇതിലേക്കുവേണ്ടി ഒരുദ്യോഗസ്ഥനെ ഗവണ്മെൻറിൽനിന്നും നിയമിക്കുന്നതു സൗകര്യപ്രദമായിരിക്കും. ഈ പദ്ധതിയുടെ പ്രവത്തനത്തിനുവേണ്ടി ഗവണ്മെൻറിനു ഒന്നോ രണ്ടോ ലക്ഷം രൂപയെ ചെലവാക്കേണ്ടതായിവരികയുള്ളു.

MR. KOTTALIL P. ABRAHAM: ഇപ്രകാരം ചെയ്യുന്നതിന് കുന്നുകൾ വെട്ടിത്തുറന്ന് വെള്ളം വിടേണ്ടതായി വരുമോ?

MR. K. P. KOCHUKORA THARAKAN: അപൂർവ്വം ചില സ്ഥലങ്ങളിൽ അപ്രകാരം ചെയ്യേണ്ടതായും വരും.

SADASYATILAKA T. K. VALU PILLAI : അതിരപ്പള്ളിയിൽ ജലസേചനസൗകര്യം ഏർപ്പെടുത്തണമെന്ന് പല്ലുകൊല്ലങ്ങൾക്കു മുൻപു തന്നെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതായി മെമ്പർക്ക് അറിയാമോ?

MR. K. P. KOCHUKORA THARAKAN: അങ്ങനെ ചെയ്താൽ കുന്നത്തുനാട്ടു താലൂക്കു മുഴുവൻ കൃഷിചെയ്യാൻ സാധിക്കും. എന്നാൽ അതിലേക്ക് ഒന്നോ രണ്ടോ ലക്ഷം രൂപ മതിയാവുകയില്ല. നടപ്പില്ലാത്ത കാര്യങ്ങൾ പറഞ്ഞു് വെറുതേ സമയം ചെലവാക്കേണ്ട കാര്യമില്ല. നമുക്ക് അത്യാവശ്യമായ, ഒന്നോ രണ്ടോ മാസംകൊണ്ടു് സാധിക്കാവുന്ന, കൃഷിവർദ്ധനവിനെപ്പററിയാണ് ഞാൻ ഇപ്പോൾ പറയുന്നതു്. കട്ടം കൃഷിയെസംബന്ധിച്ചു പറയുകയാണെങ്കിൽ ഇപ്പോഴത്തെ സമത്ഥനായ കൃഷി ഡയറക്റ്റർ പരീക്ഷണാത്ഥം ചെയ്തു കട്ടം കൃഷികൾ ഫലപ്രദമായിത്തീന്നിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അപ്രകാരമുള്ള കട്ടംകൃഷികൾ നാം ചെയ്യണം. അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിനെ പണംകൊണ്ടും ആളുകൊണ്ടും സഹായിക്കുകയാണെങ്കിൽ ശരിയായ ഫലം ചെയ്യാൻ സാധിക്കുന്ന ഒരുദ്യോഗസ്ഥനാണ് ഇപ്പോഴത്തെ കൃഷി ഡിപ്പാർട്ടുമെൻറിൻെറ മേധാവി എന്നു അനുഭവം വച്ചുകൊണ്ടു് എനിക്കു പറയുവാൻ സാധിക്കും. തിരുവിതാംകൂറിലെ കർഷകന്മാർക്കു വളം കിട്ടുന്ന വിഷയത്തിൽ വളരെ വിഷമം നേരിട്ടിരിക്കുന്നു. തിരുവിതാംകൂറിൽ ചാകുന്നതും കൊല്ലുന്നതുമായ മൃഗങ്ങളുടെ എല്ലുകൾ വിദേശങ്ങളിൽ അയയ്ക്കുകയാണു ചെയ്യുന്നതു. അതു് നിർത്തൽചെയ്യണം. ബോൺക്രഷ് യന്ത്രങ്ങൾ ഇവിടെ സ്ഥാപിച്ചു് എല്ലു പൊടിച്ചു് വളമുണ്ടാക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കണം. അതു വമ്പിച്ച ചെലവുകൂടാതെ സാധിക്കുന്നതാണു്. അതു ഗവണ്മെൻറിൽനിന്നും നേരിട്ടു ചെയ്കയോ അല്ലാത്തപക്ഷം നല്ല പ്രൈവററ് ഏജൻസിവഴി ഗവണ്മെൻറിൽനിന്നു

[Mr. K. P. Kochukora Tharakan.]

സഹായിച്ച് ബോൺക്രഷിങ്ങ് നടപ്പിൽവരുത്തി വളമുണ്ടാക്കുന്ന വിഷയത്തിൽ വേണ്ടതുചെയ്യണം. ഇനി എനിക്കു പറയുവാനുള്ളത് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണ്. ഇവിടത്തെ ഫാറസ്റ്റുകളിൽ ഒരുതരം കട്ടിവനങ്ങൾ കാണുന്നു. അതുകളിൽ പത്തോ മുപ്പതോ നിലപരമായി ഉണങ്ങിയ തേക്കുകൾ മാത്രം കാണും. അപ്രകാരമുള്ള വനങ്ങളിൽ ഒരു ഫാറസ്റ്ററും ഏതാനും കീഴ്സിൽബന്ധികളേയും കാണുന്നു. ആ വനങ്ങളിൽ നിന്നും ആകെ കിട്ടുന്ന ആദായത്തേക്കാൾ കൂടുതൽ രൂപാ അവക്ക് പ്രതിമാസം ശമ്പളമായി കൊടുക്കണം. ഇവർ ആ വനങ്ങളിൽ താമസിച്ച് നാട്ടുകാരെ ഉപദ്രവിക്കുകയും വനത്തിലുള്ള തടികൾ വെട്ടി വിൽക്കുകയും മാത്രമാണു ചെയ്യുന്നത്. അപ്രകാരമുള്ള വനങ്ങളെ തല്ക്കാലം കൃഷിക്ക് ഉപയോഗപ്പെടുത്തുകയും പിന്നീട് വളവൃക്ഷങ്ങൾ കൃഷിചെയ്യുവാൻ വേണ്ട ഏർപ്പാടുകൾ നടപ്പിലാക്കുകയോ ചെയ്യണം. ഇങ്ങനെ ഏതെങ്കിലും മാറ്റങ്ങൾ സ്വീകരിക്കാതെ കട്ടിവനങ്ങൾ വച്ച് സംരക്ഷിക്കുന്നത് ശരിയല്ല. അതു ഇടന്നുകൊണ്ടു പോകുന്നതു ഗവണ്മെൻറിനു നഷ്ടവും ജനങ്ങൾക്കു ഉപദ്രവവും ആണു. ഞാൻ താമസിക്കുന്ന സ്ഥലത്തിന് രണ്ടു മൂന്നു മൈൽ അകലെയും ഇങ്ങനെയുള്ള സ്ഥലങ്ങളുണ്ട്.

At this stage the Dewan President vacated the chair and the Deputy President occupied the chair.

MR. KOTTALIL P. ABRAHAM : ആ വനങ്ങളിൽ പിന്നെ എന്താണു കാണുന്നത്?

MR. K. P. KOCHUKORA THARAKAN : പ്രധാനമായി അവിടെകാണുന്നത് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ തോന്ന്യാസമാണ്: ലിഫ്റ്റ് ഇറിഗേഷൻ വലിയ തോതിൽ ചെയ്യാൻ ശ്രമിക്കണം. അപ്രകാരം ചെയ്താൽ കൂടുതൽ സ്ഥലങ്ങളിൽ കൃഷിചെയ്യാൻ സാധിക്കുന്നതാണ്. ആ വിഷയത്തിൽ ഇലക്ട്രിക്കൽ എൻജിനീയർ ചീഫ് എൻജിനീയർ ഇവരെല്ലാം ഒത്തുചേന്നു പ്രവർത്തിക്കണം.

എനിക്കു പ്രധാനമായി പറയുവാനുള്ളതു് സമുദായപ്രാതിനിധ്യത്തെസംബന്ധിച്ചാണ്. അനേകനാളായി നിലകൊള്ളുന്ന സമുദായപ്രാതിനിധ്യവാദത്തെസംബന്ധിച്ച് ഈ അസംബ്ലിയിൽ തന്നെ ഒരു തീരുമാനമുണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും പല പ്രയാസങ്ങളും അതുസംബന്ധിച്ച് നേരിട്ടുകൊണ്ടുതന്നെ ഇരിക്കുന്നു. ഇതിലേക്കു ഒരു സ്റ്റാഫ് സെലക്ഷൻബോർഡു രൂപീകരിക്കണമെന്നാണ് എൻെറ അഭിപ്രായം. പ്രാദേശികപ്രാതിനിധ്യത്തെക്കൂടി അംഗീകരിച്ച് അസമത്വപ്രദേശങ്ങ

ളിലുള്ളവർക്കുകൂടി ഉദ്യോഗങ്ങൾ കൊടുക്കണമെന്നു ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു. കുന്നത്തുനാട്ട് മുൻസിഫ്കോടതി ഇപ്പോൾ കിടക്കുന്ന സത്രംകെട്ടിടത്തിൽനിന്നും മററു കച്ചേരികൾ കിടക്കുന്നസ്ഥലത്തെയ്ക്കു മാററിയിടണം. ഇപ്പോഴത്തെ കെട്ടിടവും സ്ഥലവും High School ആവശ്യത്തിനു വിട്ടുകൊടുക്കണം.

MR. T. T. KESAVAN SASTRI : സർ, ഫിനാൻഷ്യൽസെക്രട്ടറി ഇവിടെ അവതരിപ്പിച്ചിട്ടുള്ള പുതിയ ബഡ്ജററ് ഏററം അഭിനന്ദനാർഹമാണ്. മൂന്നുകോടി രൂപയുടെ വരുമാനവും ചിലവിനങ്ങൾ കഴിച്ചുള്ള ഗണ്യമായ മിച്ചവുംകൊണ്ടു്, ഈ ബഡ്ജററ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. വരുമാനങ്ങളുടെ പ്രത്യേകതകൾകൊണ്ടു്, രാജ്യത്തിൻെറ ക്രമപ്രവൃദ്ധകമായ പുരോഗതിയും സാമ്പത്തികാഭിവൃദ്ധിയും പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതാകുന്നു. യുദ്ധകാലപരിതസ്ഥിതികളുടെ അതികഠിനമായ ഉരസൽ പലവഴിക്കും ഉണ്ടായിക്കൊണ്ടിരുന്നിട്ടും രാജ്യത്തിൻെറ സാമ്പത്തികനില നിതരാം, പുരോഗമനോന്മുഖമായികാണുന്നതു് എത്രയോ ആശാവഹമായ ഒരു സംഗതിയാകുന്നു. ഇതിൽ ഇന്നത്തെ ഗവണ്മെൻറിൻെറ വിശാലവൈദഗ്ദ്ധ്യം എങ്ങും പ്രകടമായികാണാൻ കഴിയുന്നതാകുന്നു. മഹായുദ്ധത്തിൻെറ നില ജനങ്ങളെ പൊതുവെ വിഷമഘട്ടത്തിലേക്കു് നയിക്കുന്നു. ഈ പരിവർത്തനഘട്ടത്തിൽ അധീശ ഗവണ്മെൻറിനെ നിർല്ലോഭം സഹായിക്കുന്നതിൽ മഹാരാജാവു് തിരുമനസ്സിലെ ഗവണ്മെൻറു് ഗണ്യമായ സംഖ്യകൾ വ്യയം ചെയ്തിട്ടുള്ളതും, ഇനിയും വ്യയംചെയ്വാൻ സന്നദ്ധമായിട്ടുള്ളതും വിശേഷാവിധിയാണല്ലോ. അതിനുംപുറമേ ആവശ്യങ്ങൾക്കും അടിയന്തിരാവശ്യങ്ങൾക്കും പുതിയ പുതിയ പ്രസ്ഥാനങ്ങൾക്കും, വേണ്ടി ബഡ്ജററിൽ വേണ്ട സംഖ്യകൾ കൊള്ളിച്ചിട്ടുള്ളതു് പ്രത്യേകം കാണാവുന്നതാണ്. സന്ദർഭാനുസരണം താണതരം സർക്കാർ ജീവനക്കാർക്ക് അലവൻസ് നൽകാൻ തീരുമാനിച്ചതും സന്തോഷാവഹമാകുന്നു. സർ, ഇന്നത്തെ ഗവണ്മെൻറിൻെറ പരിഷ്കാരമായ വിവിധപരിപാടികളുടെ മുൻപിൽ പൊന്തിനിൽക്കുന്നതു് ഈ രാജ്യത്തെ അവശസമുദായക്കാരുടെ സവിശേഷമായ സമുന്നമനസ്സന്നദ്ധതയാണ്. പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജാസഞ്ചയങ്ങളിൽ നാനാവിധേന പിന്നോക്കം നിന്നു് അധഃകൃതനാമത്താൽ അറിഞ്ഞിരുന്ന ഒരു വിഭാഗത്തെയാണ് അവശസമുദായമെന്ന സംജ്ഞയാൽ ഇന്നു് ഗവണ്മെൻറു് പരിഗണിച്ചു് പരിരക്ഷിച്ചുപോരുന്നതു്. അവശസമുദായക്കാർ ഇവിടെ

[Mr. T. T. Kesavan Sastri.]

മാത്രമല്ല സകല സാമന്തരാജ്യങ്ങളിലും, ബ്രിട്ടീഷിന്ത്യൻ പ്രോവിൻസുകളിൽപോലും ഉള്ളതാകുന്നു. എന്നാൽ അവശസമുദായക്കാർക്കു മറ്റൊരിടത്തും ലഭിക്കാത്ത പലവിധ ഭാവുകങ്ങളാണ് ഇവിടെ ഇന്നു സദയം നൽകിക്കൊണ്ടിരിക്കുന്നതെന്നു കാണാവുന്നതാണ്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് അവശസമുദായ സംരക്ഷണത്തിന് പുതിയ ബഡ്ജറ്റിൽ കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. അൻപത്തിയോരായിരത്തിൽ ചില്വാനം രൂപാ ഈ ഇനത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് അവശസമുദായക്കാർക്കും അവരുടെ ഉദ്ധാരകർക്കും എത്രയോ സന്തോഷാസ്പദമായ വസ്തുതയാണെന്നുള്ളത് അനുസ്മരിക്കാതിരിക്കുന്നില്ല. ഇവിടെ ഏഴായിരം രൂപയിലായിരുന്നു അവശ സമുദായ സംരക്ഷണം ആരംഭിച്ചിരുന്നത്. അഞ്ചു സംവത്സരത്തിനിടയിൽ അതു പതിനഞ്ചായിരം രൂപയായി. അതിനു ശേഷം അങ്ങയുടെ ഗവൺമെന്റിന്റെ ദാക്ഷിണ്യപൂരിതമായ സഹായവും സംരക്ഷണതാൽപര്യവും കൊണ്ട് അതു അൻപത്തിയോരായിരം രൂപയായി വർദ്ധിച്ചിട്ടുള്ളതു അവശവർഗ്ഗക്കാരെ തികച്ചും കൃതജ്ഞരാക്കിയിരിക്കുകയാണ്. അവശസമുദായ സംരക്ഷണവകുപ്പിന്റെ ജോലിയും ചുമതലയും വർദ്ധിപ്പിക്കുകയും, പ്രതിവർഷം സ്മരണീയങ്ങളും സ്ഥിരസ്ഥായികളും ആയ ആനുകൂല്യങ്ങളും വികസിപ്പിക്കുകയും ചെയ്തിട്ടുള്ളതു എത്രയോ അനുഗ്രഹങ്ങളായിട്ടാണ് തീർന്നിരിക്കുന്നതു. സംരക്ഷണവകുപ്പു മുഖേന കാളനികൾ, വ്യവസായശാലകൾ, അനാഥശാലകൾ, വിദ്യാർത്ഥിമന്ദിരങ്ങൾ, വായനശാലകൾ, പൊതുമന്ദിരങ്ങൾ, ശ്മശാനങ്ങൾ, കിണറുകൾ തുടങ്ങി എത്രയോ സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾ നന്ദിപൂർവ്വം ഓർക്കാതിരിക്കുന്നില്ല.

SADASYATILAKA T. K. VELU PILLAI : കുറിച്ചി കാളനി സന്ദർശനത്തിനും പ്രവേശനത്തിനുമായി ധാരാളം ആളുകൾ വരാറില്ലേ?

MR. T. T. KESAVAN SASTRI : ഉണ്ട്.

SADASYATILAKA T. K. VELU PILLAI : അവിടത്തെ ഉദ്യോഗസ്ഥന്മാർ അപ്രകാരം വരുന്നവർക്കു പല സഹായവും ചെയ്യേണ്ടതായി വരുന്നില്ലേ?

MR. T. T. KESAVAN SASTRI : കഴിയുന്ന സഹായങ്ങൾ ചെയ്യേണ്ടതായിവരുന്നുണ്ട്.

SADASYATILAKA T. K. VELU PILLAI : അവിടെയുള്ള പ്രധാന ഉദ്യോഗസ്ഥനുള്ള പ്രതിഫലം എന്താണെന്നു പറയുമോ?

MR. T. T. KESAVAN SASRI : ൩൦ രൂപയാണ്. മുപ്പതു രൂപാ ആണെന്നറിയാം.

വളരെ പ്രാധാന്യമർഹിക്കുന്ന പബ്ലിക്ക് സർവ്വീസുമുഖേന അവശവർഗ്ഗക്കാർക്കു കിട്ടേണ്ട ന്യായമായ അവകാശങ്ങൾക്കും, സൗജന്യങ്ങൾക്കും അങ്ങയുടെ ഗവൺമെൻറു ചെയ്തിട്ടുള്ള പ്രത്യേകതകൾ എല്ലാം വിലതീരാത്തതാണ്. ക്ഷേത്രപ്രവേശനംകൊണ്ട് അസമത്വങ്ങൾ നീക്കിയും മററു സൌജന്യങ്ങൾകൊണ്ട് അവശതകൾ നീക്കിയും, വിശേഷാൽ ആനുകൂല്യങ്ങൾകൊണ്ട് സമുദ്ധരിപ്പിച്ച് അവശസമുദായങ്ങളെ പ്രത്യേകം സംരക്ഷിക്കുന്ന, പ്രത്യക്ഷദൈവമായ ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ വിശ്വസ്തസചിവനായ അങ്ങയെ ഞങ്ങൾ എങ്ങനെ വിസ്മരിക്കും? അവിടത്തെ ഗവൺമെൻറിൻെറ കാരുണ്യത്തെ എങ്ങനെ വിസ്മരിക്കും? ക്ഷേത്രപ്രവേശനം അവശവർഗ്ഗക്കാർക്കു ലഭിച്ചത് ഒരസുലഭ ഭാഗ്യം തന്നെയാണു. അതുപോലെ തന്നെ പാരമ്പര്യവും ഭൂതകാലചരിത്രവും മറന്ന് തിരുവിതാംകൂർ സാംസ്ഥാനികസൈന്യത്തിൽ ഇവർക്കു ലഭിച്ച പ്രവേശനവും അഭൂതപൂർവ്വമായ ഒരു ഭാഗ്യാതിരേകമാകുന്നു. ഇങ്ങനെ പറഞ്ഞാൽ അവിടന്നു ചെയ്തിട്ടുള്ള സഹായങ്ങളൊന്നൊന്നായി തുടർന്നു പോകാനെ സാധിക്കയുള്ളു. അവശസമുദായക്കാർ അങ്ങയുടെയും ഗവൺമെൻറിൻെറയും നേരെ തികച്ചും കൃതജ്ഞരാണ്.

സർ, രാജ്യത്തിൻെറ പൊതുക്ഷേമത്തിനും വർത്തമാനഭാവ്യൈശ്വര്യങ്ങൾക്കും വേണ്ടി അങ്ങയുടെ ഗവൺമെൻറു ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എല്ലാം ശോഭനമായ വിജയത്തിൽ നിലകൊള്ളുകയാണ്. അവയോരോന്നിനെപ്പററിയും മാന്യസാമാജികന്മാർ പലരും ഇവിടെ പ്രത്യേകം പ്രസ്താവിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ ഞാൻ പിൻവാങ്ങുകയാണ്.

യുദ്ധകാലപരിതസ്ഥിതികൾകൊണ്ട് ജനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. നെല്ലിനും അരിക്കും മരച്ചീനിക്കും മീനിനും മണ്ണെണ്ണയ്ക്കും പൊയിലയ്ക്കും പാക്കിനും എന്നുവേണ്ട സകല സാധനങ്ങൾക്കും നേരിട്ടുകൊണ്ടിരിക്കുന്ന വിലക്കൂടുതൽ പൊതുജനങ്ങളെ വിശേഷിച്ച് പാവപ്പെട്ടവരെ അധികം ബാധിപ്പിക്കുന്നു.

MR. E. E. PANDARATHIL : Sir, according to the old and gracious custom let me begin by congratulating the Financial Secretary for the clarity of his expression in this budget for 1118. It is also his good fortune to have presented it for a year when our budgeted income have touched, over-stepped our third crore. It is a war-scarred budget but owing to our good fortune in realising more than our expectation in

[Mr. E. E. Pandarathil.]

our customs and in no small measure owing to the masterly control o financial and economic affairs by the head of our administration there is a small surplus, after ample and undiminished provisions for nation building activities which has become our tradition, and a wise policy of adding to our Revenue Reserve Fund an amount to the tune of about 12 lakhs.

A former Financial Secretary has characterised our Dewan-President as a man with a 'Golden touch' and then it was taken as a mere complimentary phrase. Not superstitious myself, it may be owing to the 'superstitiously-disposed community I represent, that I am also assailed by the belief that after all, the presence alone of men like our Sachivottama is conducive to prosperity. What other explanation is there for our gains above expectations from the Cochin harbour and also due to change of trade routes common in war times, our gains from the custom on the Eastern frontier. It may be regarded as winning both on the swings and the roundabouts, although the old adage says that what we lose on the swing we gain on the roundabouts. The personal equation is not an unconsiderable factor in political economy. The timely control of prices before anyone else outside thought of it along with the personal supervision of arrangements for food supply are ample evidence of the above statement.

At the brief time at my disposal I do not linger to examine figures. Suffice it to say that additional taxation contributing to our rise of revenue is laid on incomes which have gone up as a result of the circumstances of the international situation favouring that section of the public by the appreciation of the prices of certain commodities; in short those who can afford to pay as a result of profits arising from war prices. There is in short no injustice or inequity.

It may be remarked that the Financial Secretary has clipped the wings of his imagination in the expectations of next year's revenue in Industry, Customs, Transport etc. He is cautious, not to say conservative in his estimates.

On the expenditure side commendation is due for the provision in increased measure for the uplift of Backward Communities, Education and other nation-building schemes, as usual.

A word about Co-operation. The co-operative movement last year came in for a good deal of adverse consideration and was almost threatened with failure to the point of extinction. I am glad to see that among Co-operative Societies, some are still good, that they are only in a frozen state, and that they can be brought to life by the warm extension of help in the shape of enlarged credit. I would like the Government to give that credit not merely as money but as a sort of controlled credit by which the help may ultimately reach them in the shape of seed, manure, and machinery for cottage industries which last, I am glad to note are going to be exhibited in show-rooms. That way lies salvation of co-operative movement in this country.

Another matter that has come to my notice is the indiscriminate felling of oil-yielding trees in the villages. We have heard that it is necessary to supplement the inadequate supply of kerosene, and we may even have to substitute indegenous oils in its place. I am aware that there is an urgent necessity for charcoal for producer gas for our vehicles, suffering from petrol-rationing. It is necessary all the more to protect oil-producing trees as distinguished from other fuel trees. Otherwise, Sir, there will be a complete denudation of the country side. Let me here recollect that the temptation to fell trees in the country was till 1108, resisted and obstructed to his own unpopularity by the Jenmi. Something must be done.

DEPUTY PRESIDENT : The Honourable Member has one minute more.

MR. E. E. PANDARATHIL : Sir, I request you to convey my congratulations to our Dewan-President on his appointment to the Viceroy's Executive Council which I hope will be a glorious paranthesis in his services to our State.

MR. P. SIVARAMA PILLAI : Sir, it is gratifying to note that the revised estimates for the current year is expected to result in a record surplus of about Rs. 25 lakhs particularly at a time like this. The decision of the present Financial Secretary to revive the Revenue Reserve Fund Account started by one shrewd predecessor of his, but given up by his successors, and to set apart all this surplus to that account is praiseworthy. The revised revenue estimate for the current year is expected to be 301·4 lakhs which is about 21 lakhs above the budget estimate. This unusual rise is mainly due to the unexpected increase in revenue under customs, forests, railway and income-tax. But as usual it is the misfortune of the present Financial Secretary also to make apologies for the fall in revenue under our capital schemes and commercial services.

Under electric schemes there is a fall of 4 lakhs which is attributed mainly to the delay in starting the Aluminium Factory and such other industrial projects. But what about the fall under the State Transport and the Procelain Factory. The state transport scheme was started with great expectations. But year after year we are told that the expectations could not be realised due to one reason or other. I do admit that the international situation is very unfavourable to us in the working of this scheme. Over-crowding in the Transport buses is unbearable. Break-downs on the roads are a very common feature. Sir, we will put up with all these difficulties, if only we get a reasonable amount of profit. On the other hand what do we find from the figure before us. While there is no increase in the gross receipts, the working expenses have gone up by a lakh of rupees or more. I feel that there is something fundamentally wrong in the administration and management of the State Transport. We are also told that the department will be made permanent from the beginning of the next year. So this is the proper time for making a detailed scrutiny into the working of the whole scheme.

[Mr. P. Sivarama Pillai.]

Similarly the Procelain Factory has already swallowed a good amount and a lakh of rupees has been provided for the Factory under capital expenditure for 1118. We have already spent more than 11 lakhs on this undertaking. The quality of our clay and manufactured articles are also reported to be excellent. But the net receipts fall short of expecation year after year. It is said that Porcelain Factories elsewhere are making good profits. Naturally it should be possible for our factory also to make a reasonable profit if managed properly and efficiently. From the very beginning I have been questioning the practical experience of the present Expert in managing the factory of this sort. I fear my apprehensions are being justified and I would request the Government to bestow more attention on the working of the Factory before it is too late.

One of the relieving features of the present budget is the provision for the dearness allowance to the low paid subordinates of the service of the State drawing a pay of less than Rs. 15. But I would suggest that in view of the enhanced price of daily necessaries of life the scope of the allowance should at least be extended to those drawing a salary of Rs. 25 and the amount increased to give them real relief under the present situation.

The indication of decentralised administration in the Medical Department is very welcome. Till the full scheme is before us I do not propose to comment on that. But I am sure it will enhance the utility and the efficiency of the department under the able guidance of the present Surgeon-General.

